Monthly Price Rs. 4/- 2008

# ബൈബിൾ ദൂതന്



# Bible Truth

# ഒരു മനുഷ്യനു ക്രിസ്തുവിന്റെ സഭക്കു പുറത്തു രക്ഷയുണ്ടോ?

**സഭ എന്നാൽ വിളിക്കപ്പെട്ടവർ (കൊലൊസ്യർ 1:13; പ്രവൃത്തികൾ 2:47)**

**രക്ഷ എന്നാൽ "പാപമോചനം"**

| | | | | | |
|---|---|---|---|---|---|
| ക്രിസ്തു<br>ഗലാ. 3:26-27<br>ദൈവം<br>അനുഗ്രഹി<br>ക്കുന്നു<br>എഫെ. 1:3 | ശരീരം<br>എഫെ 1:21-23<br>എഫെ. 1:13<br>1 കൊരി. 12:13<br>എഫെ. 5:23 | മുന്തിരിവള്ളി<br>യോഹ. 15<br>എഫെ. 2:10 | ഭവനം<br>1 തിമോ 3:15<br>അവകാശി<br>റോമ 8:17<br>ഗലാ 3:29 | പുതിയ<br>സൃഷ്ടി<br>2 കൊരി 5:17<br>പുതിയജനനം<br>യോഹ. 3:5<br>1 പത്രൊസ് 1:21 | നിരപ്പ്<br>ദൈവത്തോട്.<br>എഫെ 2:13-16<br>പ്രവൃത്തി 2:47<br>ഏക ശരീരം<br>കൊലൊ. 1:18<br>രക്ഷയുണ്ട് |
| ↑ | ↑ | ↑ | ↑ | ↑ | ↑ |
| ലോകം<br>പാപങ്ങൾ<br>റോമ 6:23<br>വാഗ്ദാനങ്ങൾ<br>ഇല്ല<br>2 കൊരി. 1:20<br>രക്ഷയില്ല | തല ഇല്ല<br>ആത്മാവ് ഇല്ല<br>രക്തം ഇല്ല<br>മരിച്ചവർ...!<br>രക്ഷയില്ല | എല്ലാ തൈകളും<br>ആഹാരം<br>ഇല്ലാത്ത<br>ഭാവി<br>ഫലമില്ലാത്ത<br>എഫെ. 2:12<br>രക്ഷയില്ല | പാപത്തിന്റെ<br>ദാസന്മാർ<br>റോമ 6:16<br>രക്ഷയില്ല | ശത്രുക്കൾ<br>ദുഷ്<br>പ്രവർത്തി<br>ക്കാർ<br>കൊലൊസ്യർ 1:21<br>രക്ഷയില്ല | രക്തമില്ല<br>സ്നേഹമില്ല<br>വിശ്വാസമില്ല<br>ആഹാരം ഇല്ല<br>തലയില്ല<br>ക്രിസ്തു ഇല്ല<br>രക്ഷയില്ല |

# THE BIBLE TRUTH

**Editors**

**P.K. VARGHESE** **J.C. CHOATE**

000 000 000

**Published by Church of Christ**

പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം

**Vol. 22** **April 2008** **No.1**

# എഡിറ്റോറിയൽ

നമ്മുടെ ഈ കാലയളവിൽ ജീവിക്കുന്ന മനുഷ്യരിൽ കടന്നു കൂടിയിരിക്കുന്ന തെറ്റായ വിശ്വാസങ്ങൾ ധാരാളം ഉണ്ട്. പുരാതന കാലം മുതൽ ഇതു കണ്ടു വരുന്നുണ്ട്. ശരിയായ വിശ്വാസവും തെറ്റായ വിശ്വാസവും സമ്മിശ്രമായി കിടക്കുന്നതുകൊണ്ടു ആളുകൾ പരിഭ്രാന്തിയിലാണ്. ശരിയും തെറ്റും വിവേചിച്ചറിയുവാനുള്ള മാനദണ്ഡം അറിയണം. അതിനു വിശ്വാസീയതയും ആധികാരികതയും കണ്ടെത്തണം. മതപരമായ കാര്യങ്ങളിൽ പരമോന്നതനായ ദൈവം ആധികാരികമായി ചുമതലപ്പെടുത്തിയ വ്യക്തിയിൽ നമുക്ക് ആശ്രയിക്കാം. അധികാരസ്ഥനെ നാം ബഹുമാനിക്കയും അനുസരിക്കയും വേണം. ദൈവം തന്റെ പുത്രനായ യേശുവിൽ കൂടെ തന്റെ സന്ദേശം വെളിപ്പെടുത്തി. അവ രേഖപ്പെടുത്തിയിരിക്കുന്നതാണ് ബൈബിൾ. ദൈവശ്വാസിയമായ വചനം പുതിയ നിയമത്തിൽ രേഖപ്പെടുത്തിയിരിക്കുന്നതെല്ലാം ദൈവശ്വാസിയമാണ്. പഴയ നിയമകാലത്തു യെഹൂദന്മാർക്കു കൊടുത്ത ന്യായപ്രമാണവും ദൈവശ്വാസിയമായിരുന്നു. ആളുകൾ ശരി എന്തെന്നു അറിയുവാനും തെറ്റ് എന്തെന്നു മനസ്സിലാക്കുവാനും ദൈവം നല്കിയ സത്യവേദ പുസ്തകം വായിച്ചു മനസ്സിലാക്കണം.

സത്യം ലോകത്തിൽ വന്നതു മുതൽ അസത്യവും വന്നു. സാത്താനാണ് വ്യാജം അഥവാ ഭോഷ്ക്ക് കൊണ്ടുവന്നതു. സത്യം വിശ്വസിച്ചു അനുസരിക്കായ്ക കൊണ്ടാണ് അങ്ങനെ സംഭവിച്ചത്.

ദൈവ വചനത്തിൽ കൂട്ടു ചേർക്കുവാനോ അതിൽ നിന്നു ഒന്നും എടുത്തു മാറ്റുവാനോ മനുഷ്യർക്ക് അവകാശമില്ല. അങ്ങനെ ഈ നിയമത്തെ ആളുകൾ ലംഘിച്ചതുകൊണ്ടു അവർ അന്ധവിശ്വാസത്തിലേക്കും ദുരുപദേശങ്ങളിലേക്കും തിരിഞ്ഞു. മനുഷ്യർ ഓരോ കാലഘട്ടത്തിൽ ഓരോ പുതിയ ആചാരവും പുതിയ വിശ്വാസവും കണ്ടെത്തുവാൻ തുടങ്ങി. ഏതെങ്കിലും ഒരാൾക്കു ഒരു പ്രത്യേക അനുഗ്രഹം ലഭിച്ചതു പ്രചാരത്തിലായി തീർന്നാൽ ആളുകൾ എല്ലാം ആ പ്രവൃത്തി ചെയ്തുകൊണ്ടേയിരിക്കും. മറ്റുള്ളവരെ അതു ചെയ്യുവാൻ പ്രേരിപ്പിക്കയും ചെയ്യും. ചിലർ പഴയ നിയമ കല്പനകൾ ഇന്നും മാറാതിരിക്കുന്നു എന്നു കരുതുന്നു. ഉദാഹരണമായി ശബ്ബത്തു ആചരിക്കുവാൻ യിസ്രായേൽ ജനത്തോടു കല്പിച്ചു. ശബ്ബത്തു ശനിയാഴ്ച്ച ദിവസമാണ്. അന്നു അവർ അധികദൂരം യാത്ര ചെയ്യരുതായിരുന്നു. ഒരു ജോലിയും ചെയ്യാതെ വിശ്രമിക്കണമായിരുന്നു. പഴയ നിയമം നീങ്ങപ്പെട്ടതോടെ ശബ്ബത്തും നീങ്ങപ്പെട്ടു എന്ന കാര്യം അവർ മറന്നുപോകുന്നു. ശബ്ബത്ത് ഒരിക്കലും ആരാധനയ്ക്കുവേണ്ടി കല്പിച്ചതല്ല. പിന്നെന്തിനാണ് ആളുകൾ ശനിയാഴ്ച്ച ആരാധിക്കുന്നത്? ന്യായപ്രമാണപ്രകാരം ഒന്നിൽ തെറ്റിയാൽ അവർ സകലതിലും തെറ്റി.

അന്ധവിശ്വാസവും, അനാചാരവും മതത്തിന്റെ ഭാഗമായി എടുത്തിരിക്കയാണ് ആളുകൾ. അതുപോലെ ഒരു കാലഘട്ടത്തേക്കു കൊടുത്ത നിയമം മറ്റൊരു കാലഘട്ടത്തിൽ എടുക്കുന്നതും തെറ്റായ ഉപദേശങ്ങൾ എടുക്കുന്നതും ശരിയല്ല. ഈ കാലത്തു സർവ്വ മനുഷ്യരും പുതിയ നിയമമാണ് അനുസരിക്കേണ്ടത്. യേശുവിന്റെ മരണത്തോടുകൂടിയാണ് പുതിയ നിയമം പ്രാബല്യത്തിൽ വന്നത്. കർത്താവു പഠിപ്പിച്ച സകല സത്യവും ഇന്നു നമുക്ക് ഉണ്ട്. നാം ക്രിസ്തുവിന്റെ ഉപദേശത്തിലാണ് നിലനില്ക്കേണ്ടത്. ക്രിസ്തുവിന്റെ ഉപദേശത്തിൽ നിന്നു അതിർ കടന്നുപോകുന്ന ഒരുത്തനും ദൈവം ഇല്ല. നമ്മെ അധർമ്മത്തിൽ നിന്നു വിടുവിക്കുന്നതു സത്യത്തിന്റെ പരിജ്ഞാനമാണ്. അതുകൊണ്ടു എഴുതിയിരിക്കുന്നതിനു അപ്പുറമായി നാം ഭാവിക്കരുത്. ദൈവം നമ്മെ രക്ഷിക്കാമെന്നു വാഗ്ദാനം ചെയ്തിട്ടുണ്ട്. പക്ഷെ നാം തെറ്റായതെല്ലാം ഉപേക്ഷിക്കണം.

★

# അടിസ്ഥാനം എന്തുകൊണ്ട് പ്രാധാന്യമുള്ളതാകുന്നു?

J.C. ചോട്ട്

ഈ ഭൗതിക ലോകത്തിൽ ഒരു വീട് നിർമ്മിക്കുമ്പോൾ, ഒരു കെട്ടിടം പണിയുമ്പോൾ, അല്ലെങ്കിൽ ഏതെങ്കിലും ദീർഘകാലം നില നിൽക്കണം എന്നുണ്ടെങ്കിൽ, അതിന് ശരിയായ അടിസ്ഥാനം ഇടേണ്ടത് ആവശ്യമാണ്. വിവിധ ജോലികളുടെ മേഖലയിൽ ആണെങ്കിലും, അല്ലെങ്കിൽ വ്യത്യസ്തമായ പ്രവൃത്തി മണ്ഡലങ്ങളിലും മതിയായ വിദ്യാഭ്യാസമോ അല്ലെങ്കിൽ പരിശീലനമോ ആവശ്യമാണ് എന്ന് നമുക്കറിയാം. ഈ അടിസ്ഥാനത്തെ കണ്ടില്ലെന്നു നടിച്ച്, അല്ലെങ്കിൽ ഭാവിക്കുവേണ്ടിയുള്ള ഒരുക്കം നടത്താതിരുന്നാൽ, നമുക്ക് നേരിടേണ്ടിവരുന്നത് മോശമായ സമയമായിരിക്കും.

രണ്ടു നിർമ്മാതാക്കളുടെ ചിത്രീകരണം നടത്തിക്കൊണ്ട് നമ്മുടെ കർത്താവ് ആത്മീയ അടിസ്ഥാനത്തിന്റെ ആവശ്യകത ബോധ്യമാക്കുന്നു, അതിലൊരാൾ പാറമേൽ പണിയുന്നു, മറ്റൊരാൾ മണലിൻമേൽ പണിയുന്നു. യേശു പറഞ്ഞു, "ആകയാൽ എന്റെ ഈ വചനങ്ങളെ കേട്ട് ചെയ്യുന്നവൻ ഒക്കെയും പാറമേൽ വീടു പണിത ബുദ്ധിയുള്ള മനുഷ്യനോടു തുല്യനാകുന്നു. വൻമഴ ചൊരിഞ്ഞു നദികൾ പൊങ്ങി കാറ്റ് അടിച്ചു ആ വീട്ടിന്മേൽ അലെച്ചു; അത് പാറമേൽ അടിസ്ഥാനം ഉള്ളതാകയാൽ വീണില്ല. എന്റെ ഈ വചനങ്ങളെ കേട്ട് ചെയ്യാത്തവൻ ഒക്കെയും മണലിൻമേൽ വീടുപണിത മനുഷ്യനോട് തുല്യനാകുന്നു. വൻ മഴ ചൊരിഞ്ഞു നദികൾ പൊങ്ങി കാറ്റ് അടിച്ചു ആ വീട്ടിന്മേൽ അലെച്ചു, അത് വീണു; അതിന്റെ വീഴ്ച്ച വലിയതായിരുന്നു"(മത്തായി 7:24-27).

മുൻപ് സൂചിപ്പിച്ച ചിത്രീകരണത്തിൽ യേശു രണ്ട് ഭൗതിക കെട്ടിടങ്ങളുടെ വ്യത്യാസത്തെ ബോധ്യപ്പെടുത്തുകയാണ്. ഒരാൾ ബുദ്ധിയുള്ളവനും മറ്റൊരാൾ ബുദ്ധിയില്ലാത്തവനും. അതിൽ നിന്നും നാം മനസ്സിലാക്കുന്നത് ബുദ്ധിയുള്ള ആത്മീയ നിർമ്മാതാവ് ക്രിസ്തുവിന്റെ വചനങ്ങളെ കേട്ട് അനുസരിക്കുന്നവൻ ആകുന്നു. അവൻ ബുദ്ധിയുള്ളവൻ ആകുവാൻ കാരണം അവൻ കർത്താവിനെ അനു

സരിച്ച് തന്റെ നിർമ്മാണം അവൻ ക്രിസ്തുവിൽ നടത്തുന്നു. അവൻ ആഴെ കുഴിച്ച് മനുഷ്യരുടെ സമ്പ്രദായങ്ങളും ആചാരങ്ങളും നീക്കി, ലോകത്തുള്ള മതപരമായ എല്ലാ കാര്യങ്ങളും മാറ്റി, ക്രിസ്തുവിലുള്ള അടിസ്ഥാന ഉപദേശത്തിന്മേൽ അവൻ തന്റെ പ്രവൃത്തി ആരംഭിക്കുന്നു. തൽഫലമായി, ഒരു ഉറപ്പുള്ള അടിസ്ഥാനത്തിൻമേലാണ് അവന്റെ പ്രയത്നം. അവനിൽ സത്യമുണ്ട്. അവന് ക്രിസ്തു ഉണ്ട്. അവൻ ക്രിസ്തുവിനെ അനുഗമിക്കുന്നു. അവൻ കർത്താവിന്റെ സഭയിലെ അംഗമാകുന്നു. അവനെ മറ്റൊന്നിനും ഇളക്കുവാൻ സാധ്യമല്ല. അവനെ പിടിച്ചു നിർത്തുന്ന ഒരു ശക്തിയുണ്ട്. അവനു നിത്യജീവന്റെ പ്രത്യാശയും ഉണ്ട്.

ബുദ്ധിയില്ലാത്ത മറ്റൊരു മനുഷ്യനെ യേശു ചിത്രീകരിച്ചിരിക്കുന്നു. അവനും ക്രിസ്തുവിന്റെ ഉപദേശം കേൾക്കുന്നുണ്ട് പക്ഷെ അനുസരിക്കുവാൻ മടിക്കുന്നു. ഒരുപക്ഷെ അവൻ വിശ്വസിക്കുന്നില്ലായിരിക്കാം. അല്ലെങ്കിൽ അനുസരിക്കുവാൻ ഇനിയും ധാരാളം സമയമുണ്ടല്ലോ എന്നായിരിക്കാം ചിന്തിക്കുന്നത്. അതല്ലെങ്കിൽ അയാൾ സ്വയം നല്ലവനാണെന്നു വിവേചിച്ചിരിക്കാം. അതുമല്ലെങ്കിൽ അയാൾ മനുഷ്യരുടെ ഉപദേശം അനുസരിച്ച് പൊയ്ക്കൊണ്ടിരിക്കാം. പ്രശ്നമെന്തായാലും, അവൻ കർത്താവിനെ അനുസരിക്കുന്നതിൽ പരാജയപ്പെടുന്നു എന്നതാണ് വസ്തുത, അതുകൊണ്ട്, അവൻ അടിസ്ഥാനമിട്ടിരിക്കുന്ന യാതൊന്നും അവനെ നിലനിർത്തുകയില്ല. അവൻ ഇപ്പോൾ നഷ്ടപ്പെട്ടവനും പിന്നീട് നിത്യമായി നഷ്ടപ്പെടുന്നവനുമായേക്കാം.

അനേക വർഷങ്ങൾക്കുമുൻപ്, യെശയ്യാ പ്രവാചകൻ, കർത്താവ് സീയോനിൽ അടിസ്ഥാനം ഇടും എന്ന് മുന്നറിയിച്ചിരുന്നു. ആ അടിസ്ഥാനം ക്രിസ്തു ആയിരിക്കുമെന്നും, അടിസ്ഥാനമിടുന്നത് യെരുശലേമിലായിരിക്കുമെന്നും പറഞ്ഞു. നമുക്ക് പ്രവാചകന്റെ വാക്കുകൾ ശ്രദ്ധിക്കാം. യെശയ്യാവു പറഞ്ഞു, അതുകൊണ്ട് യഹോവയായ കർത്താവു ഇപ്രകാരം അരുളിച്ചെയ്യുന്നു, "ഇത്, ഞാൻ സീയോനിൽ ഉറപ്പുള്ള അടിസ്ഥാനമിട്ടു ശോധനചെയ്ത കല്ലും വിലയേറിയ മൂലക്കല്ലുമായി ഒരു അടിസ്ഥാനം ഇട്ടിരിക്കുന്നു; വിശ്വസിക്കുന്നവൻ ഓടിപ്പോകയില്ല" (യെശയ്യാവ് 28:16). ആ അടിസ്ഥാനത്തിന്റെ വിവരണം ശ്രദ്ധിക്കുക. അതൊരു കല്ലായിരിക്കണം, ശോധന ചെയ്തതും, വിലയേറിയതുമായ മൂലക്കല്ലും, ഉറ

പ്പുള്ള അടിസ്ഥാനവും ആയിരിക്കും. ഈ വിവരണം പിന്നീട്, പുതിയ നിയമത്തിൽ ക്രിസ്തുവിനെ കുറിച്ച് നടത്തുന്നത് നമുക്ക് കാണാം. സങ്കീർത്തനക്കാരനായ ദാവീദും ഈ അടിസ്ഥാനത്തെക്കുറിച്ച് സങ്കീർത്തനങ്ങൾ 118:22, 23ൽ പറയുന്നുണ്ട്. "വീടുപണിയുന്നവർ തള്ളിക്കളഞ്ഞ കല്ല് മൂലക്കല്ലായി തീർന്നിരിക്കുന്നു. ഇത് യഹോവ യാൽ സംഭവിച്ചു, നമ്മുടെ ദൃഷ്ടിയിൽ ആശ്ചര്യവുമായിരിക്കുന്നു" ഇത് ക്രിസ്തുവിൽ നിറവേറുന്നതായി പുതിയ നിയമത്തിൽ നാം വായിക്കുന്നു.

യേശുവിന്റെ കാലഘട്ടത്തിൽ നാം വായിക്കുന്നത്, "വീടു പണി യുന്നവർ തള്ളിക്കളഞ്ഞ കല്ല് മൂലക്കല്ലായി തീർന്നിരിക്കുന്നു; ഇത് കർത്താവിനാൽ സംഭവിച്ചു, നമ്മുടെ ദൃഷ്ടിയിൽ ആശ്ചര്യവുമായി രിക്കുന്നു എന്നു നിങ്ങൾ തിരുവെഴുത്തുകളിൽ ഒരിക്കലും വായി ച്ചിട്ടില്ലയോ?" (മത്തായി 21:42). മഹാപുരോഹിതന്മാരോടും ശാസ്ത്രി മാരോടും യേശു ലൂക്കൊസ് 20:17, 18 ൽ പറഞ്ഞു, "എന്നാൽ വീടു പണിയുന്നവർ തള്ളിക്കളഞ്ഞ കല്ല് മൂലക്കല്ലായി തീർന്നു എന്ന് എഴുതിയിരിക്കുന്നത് എന്ത്? ആ കല്ലിന്മേൽ വീഴുന്ന ഏവനും തകർന്നുപോകും, അത് ആരുടെ മേൽ എങ്കിലും വീണാൽ അവനെ ധൂളിപ്പിക്കും എന്നു പറഞ്ഞു." ഭൗതികമായ കെട്ടിടത്തിന് അക്ഷരി കമായ പാറയോ കല്ലോ അടിസ്ഥാനമായി ഇടുന്നു, എന്നാൽ ഒരാൾ അതിൽ തട്ടിയാൽ വീണുപോകും അല്ലെങ്കിൽ ആ കല്ല് അയാളുടെ മേൽ വീണാൽ ശരീരം മുറിയുകയോ കൊല്ലപ്പെടുകയോ ചെയ്തേ ക്കാം. അതുപോലെ, അത് ശരിയായി ഉപയോഗിച്ചാൽ അതനുഗ്ര ഹമായി തീരും, പക്ഷെ ദുരുപയോഗം ചെയ്യുകയോ കാണാതിരി ക്കുകയോ ചെയ്താൽ അതൊരു നശീകരണവസ്തുവായി മാറും. ആത്മീയ പാറയായ, ക്രിസ്തുവിനെ സംബന്ധിച്ചും അത് വാസ്ത വമാണ്.

അപ്പൊസ്തല പ്രവൃത്തികളുടെ പുസ്തകത്തിൽ, പത്രൊസ് പ്രമാ ണിമാരോടും ശാസ്ത്രിമാരോടും മഹാപുരോഹിതന്മാരോടും സംസാ രിക്കുമ്പോൾ പറഞ്ഞു, "നിങ്ങൾ ക്രൂശിച്ചവനും ദൈവം മരിച്ചവ രിൽ നിന്ന് ഉയർപ്പിച്ചവനുമായി നസ്രായനായ യേശുക്രിസ്തുവിന്റെ നാമത്തിൽ തന്നെ ഇവൻ സൗഖ്യമുള്ളവനായി നിങ്ങളുടെ ഇടയിൽ നിൽക്കുന്നുവെന്ന് നിങ്ങൾ എല്ലാവരും യിസ്രായേൽ ജനമൊ ക്കെയും അറിഞ്ഞുകൊൾവിൻ. വീടു പണിയുന്നവരായ നിങ്ങൾ

തള്ളിക്കളഞ്ഞിട്ടു കോണിന്റെ മൂലക്കല്ലായി തീർന്ന കല്ല് ഇവൻ തന്നേ. മറ്റൊരുത്തനിലും രക്ഷയില്ല; നാം രക്ഷിക്കപ്പെടുവാൻ ആകാശത്തിൻകീഴിൽ മനുഷ്യരുടെ ഇടയിൽ നല്കപ്പെട്ട വേറൊരു നാമവുമില്ല." (പ്രവൃത്തികൾ 4:10-12). പൗലൊസ് യിസ്രായേൽ മക്കളെ കുറിച്ച് അല്ലെങ്കിൽ യെഹൂദന്മാരെ കുറിച്ച് പറഞ്ഞു, "ഇതാ, ഞാൻ സീയോനിൽ ഇടർച്ചക്കല്ലും തടങ്ങൽ പാറയും വെയ്ക്കുന്നു, അവനിൽ വിശ്വസിക്കുന്നവൻ ലജ്ജിച്ചുപോകയില്ല എന്ന് എഴുതിയിരിക്കുന്നുവല്ലൊ" (റോമർ 9:33). ഇവിടെ പൗലൊസ് ഉദ്ധരിച്ചത് യെശയ്യാവ് 28:16 ആണ്.

എന്നാൽ ആരാണ് പാറ അല്ലെങ്കിൽ അടിസ്ഥാനം? പൗലൊസ് പറയുന്നു, "യേശുക്രിസ്തു എന്ന ഇട്ടിരിക്കുന്ന അടിസ്ഥാനം അല്ലാതെ മറ്റൊന്ന് ഇടുവാൻ ആർക്കും കഴിയുകയില്ല" (1 കൊരിന്ത്യർ 3:11). 1 കൊരിന്ത്യർ 10:3, 4 ൽ പൗലൊസ്, മോശെയുടെ കാലത്തെ യിസ്രായേൽ മക്കളെ കുറിച്ചു പറയുന്നു. "എല്ലാവരും സമുദ്രത്തൂടെ കടന്നു, എല്ലാവരും മേഘത്തിലും സമുദ്രത്തിലും സ്നാനമേറ്റു, മോശെയോട് ചേർന്നു. എല്ലാവരും ഒരേ ആത്മീകാഹാരം കഴിച്ചു - അവരെ അനുഗമിച്ച ആത്മീക പാറയിൽ നിന്നല്ലോ അവർ കുടിച്ചത്; ആ പാറ ക്രിസ്തുവായിരുന്നു - എങ്കിലും അവരിൽ മിക്കപേരിലും ദൈവം പ്രസാദിച്ചില്ല, അവരെ മരുഭൂമിയിൽ തള്ളിയിട്ടു കളഞ്ഞു എന്ന് നിങ്ങൾ അറിയാതിരിക്കരുത് എന്നു ഞാൻ ആഗ്രഹിക്കുന്നു."

എഫെസോസിലുള്ള ക്രിസ്ത്യാനികൾക്ക് പൗലൊസ് എഴുതി, "ആകയാൽ നിങ്ങൾ ഇനി അന്യന്മാരും പരദേശികളും അല്ല, വിശുദ്ധന്മാരുടെ സഹപൗരന്മാരും ദൈവത്തിന്റെ ഭവനക്കാരുമത്രേ. ക്രിസ്തുയേശു തന്നെ മൂലക്കല്ലായിരിക്കെ നിങ്ങളെ അപ്പൊസ്തലന്മാരും പ്രവാചകന്മാരും എന്ന അടിസ്ഥാനത്തിൻമേൽ പണിതിരിക്കുന്നു. അവനിൽ കെട്ടിടം മുഴുവനും യുക്തമായി ചേർന്നു കർത്താവിൽ വിശുദ്ധ മന്ദിരമായി വളരുന്നു. അവനിൽ നിങ്ങളേയും ദൈവത്തിന്റെ നിവാസമാകേണ്ടതിന് ആത്മാവിനാൽ ഒന്നിച്ചു പണിതുവരുന്നു." (എഫെസ്യർ 2:19-22). യേശുക്രിസ്തു മൂലക്കല്ലായും അപ്പൊസ്തലന്മാരും പ്രവാചകന്മാരും ക്രിസ്തുവിന്റെ ഉപദേശം അടിസ്ഥാനമായും ഇട്ടുകൊണ്ട് പണിയപ്പെടുന്ന ദൈവത്തിന്റെ ആലയമാണ് ഇവിടെ അപ്പൊസ്തലൻ പ്രതിപാദിച്ചിരിക്കുന്നത്. പൊതുവായ

അടിസ്ഥാനം മാത്രമല്ല പ്രാധാന്യമേറിയത്, മൂലക്കല്ലും പ്രാധാന്യമേറിയതാണ്, ക്രിസ്തു ആ അടിസ്ഥാനത്തിന്റെ ഭാഗമായിരുന്നു എന്ന് അവൻ പറയുന്നു. ആ അടിസ്ഥാനം കൂടാതെ, ഭൗതികമായോ ആത്മീകമായോ കെട്ടിടം നിലനില്ക്കുകയില്ല. വീണ്ടും പൗലൊസ് പറയുന്നു, "താമസിച്ചുപോയാലോ സത്യത്തിന്റെ തൂണും അടിസ്ഥാനവുമായി ജീവനുള്ള ദൈവത്തിന്റെ സഭയാകുന്ന ദൈവാലയത്തിൽ നടക്കേണ്ടത് എങ്ങനെയാകുന്നുവെന്ന് നീ അറിയേണ്ടതിനു ഇത് എഴുതുന്നു." (1 തിമൊഥെയൊസ് 3:15). ക്രിസ്തു അടിസ്ഥാനവും മൂലക്കല്ലുമായിരിക്കേ, ദൈവ ഭവനം ആയ സഭ ഉറപ്പുള്ള സത്യത്തിന്മേൽ അത്രെ നിലനില്ക്കുന്നത്. അതായത് സഭ പണിതിരിക്കുന്നത് ഉറപ്പുള്ള അടിസ്ഥാനത്തിന്മേലാണ്. അതുകൊണ്ട് നഷ്ടപ്പെട്ട ലോകത്തിന് ആ സത്യത്തിന്മേൽ ആശ്രയിക്കാം.

തന്റെ കാലത്തെ ക്രിസ്ത്യാനികളോട് അപ്പൊസ്തലനായിരുന്ന പത്രൊസ് പറയുന്നു, "യേശുക്രിസ്തുവിന്റെ അപ്പൊസ്തലനായ പത്രൊസ് പൊന്തൊസിലും, ഗലാത്യയിലും, കപ്പദോക്ക്യയിലും, ആസ്യയിലും, ബിഥുന്യയിലും, ചിതറിപ്പാർക്കുന്ന പരദേശികളും പിതാവായ ദൈവത്തിന്റെ മുന്നറിവിനൊത്തവണ്ണം ആത്മാവിന്റെ വിശുദ്ധീകരണം പ്രാപിച്ചു അനുസരണം കാണിപ്പാനും യേശുക്രിസ്തുവിന്റെ രക്തത്താൽ തളിക്കപ്പെടുവാനുമായി വൃതന്മാരുമായവർക്ക് എഴുതുന്നത്, നിങ്ങൾക്ക് കൃപയും സമാധാനവും വർദ്ധിക്കുമാറാകട്ടെ.

ആകയാൽ സകലദുഷ്ടതയും എല്ലാ ചതിവും വ്യാജ ഭാവവും അസൂയയും എല്ലാ നുണയും നീക്കികളഞ്ഞു ഇപ്പോൾ ജനിച്ച ശിശുക്കളെ പോലെ രക്ഷക്കായി വളരുവാൻ വചനം എന്ന മായമില്ലാത്ത പാൽ കുടിപ്പാൻ വാഞ്ഛിപ്പിൻ. കർത്താവ് ദയാലു എന്നു നിങ്ങൾ ആസ്വദിച്ചിട്ടുണ്ടല്ലോ. മനുഷ്യർ തള്ളിയത് എങ്കിലും ദൈവസന്നിധിയിൽ ശ്രേഷ്ഠവും മാന്യവുമായ ജീവനുള്ള കല്ലായ അവന്റെ അടുക്കൽ വന്നിട്ടു നിങ്ങളും ജീവനുള്ള കല്ലുകൾ എന്നപോലെ ആത്മീകഗൃഹമായി യേശുക്രിസ്തു മുഖാന്തിരം ദൈവത്തിനു പ്രസാദമുള്ള ആത്മീകയാഗം കഴിപ്പാൻതക്ക വിശുദ്ധ പുരോഹിതവർഗ്ഗമാകേണ്ടതിനു പണിയപ്പെടുന്നു. ഞാൻ ശ്രേഷ്ഠവും മാന്യവുമായ ഒരു മൂലക്കല്ലു സീയോനിൽ ഇടുന്നു, അവനിൽ വിശ്വസിക്കുന്നവൻ ലജ്ജി

ച്ചുപോകയില്ല എന്നു തിരുവെഴുത്തിൽ കാണുന്നുവല്ലോ. വിശ്വസിക്കുന്ന നിങ്ങൾക്ക് ആ മാന്യത ഉണ്ട്; വിശ്വസിക്കാത്തവർക്കോ വീടു പണിയുന്നവർ തള്ളിക്കളഞ്ഞ കല്ലുതന്നെ മൂലക്കല്ലും ഇടർച്ച കല്ലും തടങ്ങൽ പാറയും ആയി തീർന്നു. വചനം അവർ അനുസരിക്കായ്കയാൽ ഇടറിപ്പോകുന്നു. അതിനു അവരെ വച്ചുമിരിക്കുന്നു." (1 പത്രൊസ് 2:1-8).

വീണ്ടും, യെശയ്യാവ് 28:16 എങ്ങനെ നിറവേറിയെന്ന് എഴുത്തുകാരും പറയുന്നു. യെഹൂദന്മാർ തള്ളിക്കളയുകയും ഇടറുകയും ചെയ്ത അതേ അടിസ്ഥാനക്കല്ല് മൂലക്കല്ലായി തീർന്നു. ക്രിസ്തുവിനെ അനുസരിക്കുന്നവർക്ക് അവൻ എങ്ങനെ അനുഗ്രഹവും, അവനെ തള്ളിക്കളയുമ്പോൾ അത് എത്ര നഷ്ടമെന്നും പത്രൊസ് വിവരിക്കുന്നു.

മത്തായി 16:13-19 ൽ, തന്നെക്കുറിച്ച് ആളുകൾ എന്തുപറയുന്നുവെന്ന് അപ്പൊസ്തലന്മാരോടു ചോദിച്ചു. അപ്പൊസ്തലന്മാർ അതിന് ചിലർ പ്രവാചകന്മാരിലൊരുത്തൻ എന്നു കരുതുന്നതായി പറഞ്ഞു. എന്നാൽ അതായിരുന്നില്ല അവർ കാത്തിരുന്ന ക്രിസ്തു. പിന്നെ അവൻ അപ്പൊസ്തലന്മാരോട് താൻ ആരെന്നാണ് അവർ വിചാരിക്കുന്നത് എന്നു ചോദിച്ചു. അതിന് മറുപടിയായി അവൻ ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തുവെന്ന് ഉത്തരം പറഞ്ഞു. തൽഫലമായി ക്രിസ്തു അതിനു മറുപടിയായി പറഞ്ഞു ഈ പാറമേൽ ഞാൻ എന്റെ സഭയെ പണിയും. അതായത് യേശു ദൈവപുത്രനെന്ന അടിസ്ഥാനത്തിന്മേൽ ആണ് അവൻ തന്റെ സഭയെ പണിയുന്നത്. പ്രവൃത്തികൾ 2 ൽ അപ്പൊസ്തലന്മാർ സുവിശേഷം പ്രസംഗിക്കുകയും മൂവായിരം പേർ രക്ഷിക്കപ്പെട്ട് സഭയോട് ചേർക്കപ്പെടുകയും ചെയ്തു. എന്നാൽ സഭ എന്തിന്മേൽ ആണ് പണിതത്? സഭ പണിതത് ക്രിസ്തുവിന്മേൽ, അതായത് ക്രിസ്തു മരിച്ച് അടക്കപ്പെട്ട് ഉയർത്തെഴുന്നേറ്റത് സഭ പണിയുവാനായിരുന്നു. അതുകൊണ്ട് സ്വർഗ്ഗാരോഹണശേഷം ആദ്യമായി സഭയിലേക്ക് അംഗങ്ങളെ ചേർക്കുവാൻ സാധിച്ചു.

✶

# "ഞാൻ വാഗ്ദാനം ചെയ്യുന്നു: ഞാൻ നിങ്ങളെ സ്നേഹിക്കുന്നു"

## ഡേവിഡ് തർമൻ

യേശുവിന്റെ ജനനശേഷം ദുഷ്ടരാജാവായിരുന്ന ഹെരോദാവ് അവനെ കൊല്ലുവാൻ പദ്ധതി ആവിഷ്ക്കരിച്ചു. എന്നാൽ ദൈവം യോസേഫിനോട് സ്വപ്നത്തിൽ മുന്നറിയിച്ചതിനാൽ, ആ നീതിമാൻ തന്റെ കുടുംബത്തെ മിസ്രയിമിലേക്ക് കൊണ്ടുപോയി. ഹോശേയാവിന്റെ പ്രവചനമായിരുന്ന, "ഞാൻ എന്റെ മകനെ മിസ്രയിമിൽ നിന്നും വിളിച്ചുവരുത്തി" എന്നതു നിറവേറിയതായി മത്തായി പറയുന്നു (മത്തായി 2:15). മത്തായിയുടെ വിവരണത്തിൽ നമ്മുടെ ദൈവത്തിന്റെ സ്വഭാവം അത്ഭുതകരമായി വെളിപ്പെടുത്തിയിരിക്കുകയാണ്.

"യിസ്രായേൽ ബാലനായിരുന്നപ്പോൾ ഞാൻ അവനെ സ്നേഹിച്ചു; മിസ്രയിമിൽ നിന്നു ഞാൻ എന്റെ മകനെ വിളിച്ചു. അവരെ വിളിക്കുന്തോറും അവർ വിട്ടകന്നുപോയി, ബാൽ ബിംബങ്ങൾക്കു അവർ ബലി കഴിച്ചു, വിഗ്രഹങ്ങൾക്കു ധൂപം കാട്ടി. ഞാൻ എഫ്രയിമിനെ നടപ്പാൻ ശീലിപ്പിച്ചു; ഞാൻ അവരെ എന്റെ ഭുജങ്ങളിൽ എടുത്തു; എങ്കിലും ഞാൻ അവരെ സൗഖ്യമാക്കി എന്ന് അവർ അറിഞ്ഞില്ല. മനുഷ്യ പാശങ്ങൾ കൊണ്ടു, സ്നേഹബന്ധനങ്ങൾ കൊണ്ടുതന്നെ, ഞാൻ അവരെ വലിച്ചു. അവരുടെ താടിയെല്ലിന്മേലുള്ള നുകം നീക്കിക്കളയുന്നവനെ പോലെ ഞാൻ അവർക്കു ആയിരുന്നു; ഞാൻ അവർക്കു തീൻ ഇട്ടുകൊടുത്തു. അവൻ മിസ്രയിം ദേശത്തേക്ക് മടങ്ങിപ്പോകയില്ല എന്നാൽ മടങ്ങിവരുവാൻ അവർക്കു മനസ്സില്ലായ്കകൊണ്ട് അശ്ശൂര്യൻ അവന്റെ രാജാവാകും. അവരുടെ ആലോചന നിമിത്തം വാൾ അവന്റെ പട്ടണങ്ങളിന്മേൽ വീണു അവന്റെ ഓടാമ്പലുകളെ നശിപ്പിച്ചു ഒടുക്കിക്കളയുന്നു. എന്റെ ജനം എന്നെ വിട്ടു പിന്തിരിയുവാൻ ഒരുങ്ങിയിരിക്കുന്നു. അവരെ മേലോട്ടു വിളിച്ചാലും ആരും നിവർന്നു നിൽക്കുന്നില്ല. എഫ്രയിമേ ഞാൻ നിന്നെ എങ്ങനെ വിട്ടുകൊടുക്കും? യിസ്രായേലേ ഞാൻ നിന്നെ എങ്ങനെ ഏൽപിച്ചു കൊടുക്കും? ഞാൻ നിന്നെ എങ്ങനെ അദ്മയെപ്പോലെ

യാക്കും? ഞാൻ നിന്നെ എങ്ങനെ സെബോയീമിനെ പോലെ ആക്കി ത്തീർക്കും? എന്റെ ഹൃദയം എന്റെ ഉള്ളിൽ മറിഞ്ഞുകൊള്ളുന്നു. എന്റെ അയ്യോഭാവമൊക്കെയും ജ്വലിക്കുന്നു. എന്റെ ഉഗ്ര കോപം ഞാൻ നടത്തുകയില്ല; ഞാൻ എഫ്രയീമിനെ വീണ്ടും നശിപ്പിക്കയു മില്ല; ഞാൻ മനുഷ്യനല്ല ദൈവമത്രെ. നിന്റെ നടുവിൽ പരിശുദ്ധൻ തന്നെയാണ്; ഞാൻ ക്രോധത്തോടെ വരുകയുമില്ല. സിംഹം പോലെ ഗർജ്ജിക്കുന്ന യഹോവയുടെ പിന്നാലെ അവർ നടക്കും. അവൻ ഗർജ്ജിക്കുമ്പോൾ പടിഞ്ഞാറുനിന്ന് മക്കൾ വിറച്ചുകൊണ്ട് വരും. അവർ മിസ്രയിമിൽ നിന്ന് ഒരു പക്ഷിയെപോലെയും അശൂർ ദേശ ത്തുനിന്ന് ഒരു പ്രാവിനെ പോലെയും വിറച്ചുംകൊണ്ടുവരും; ഞാൻ അവരെ അവരുടെ വീടുകളിൽ പാർപ്പിക്കും എന്നു യഹോവയുടെ അരുളപ്പാട്."(ഹോശേയാ 11:1-11).

**നാം എന്തായിരുന്നു: മത്സരമുള്ള മക്കൾ**

ഹോശേയാവ് യിസ്രായേൽ ദേശത്തെക്കുറിച്ച് എഴുതുമ്പോൾ അവർ അന്യ ദേവന്മാരുടെ, ബാലിന്റെ വിഗ്രഹങ്ങളിലേക്ക് തിരി ഞ്ഞിരുന്നു. എങ്കിലും, ദൈവം അവരെ മക്കളായി കണക്കാക്കി, അവൻ അവരെ അനുഗ്രഹിച്ചു, പക്ഷെ അവർ വീണ്ടും മത്സരിച്ച് അന്യ ദേവന്മാരിലേക്കു തിരിഞ്ഞു. ദൈവം അവർക്ക് ജീവിതം സുഗ മമാക്കിക്കൊടുത്തു അവരുടെ ഭാരമുള്ള നുകങ്ങൾ നീക്കി. എങ്കി ലും, ഈ ആളുകൾ അവരുടെ സ്നേഹവാനായ പിതാവിനെ വിട്ടു കൊണ്ട് തെറ്റായ ദൈവങ്ങളിലേക്ക് തിരിയുവാൻ ശാഠ്യമുള്ളവരായി മാറി.

വസ്തുത എന്തെന്നാൽ നാം എല്ലാവരും മത്സരിക്കുന്ന മക്ക ളാണ്. ദൈവം നമുക്ക് ഏറ്റവും നല്ലത് തരുവാൻ ആഗ്രഹിക്കുമ്പോൾ, നാം തിരിഞ്ഞ് നമ്മെ തന്നെ ലോകത്തിനു കീഴ്പ്പെടുത്തുന്നു. "നീതി മാൻ ആരുമില്ല ഒരുത്തൻ പോലുമില്ല ഗ്രഹിക്കുന്നവൻ ഇല്ല, ദൈവത്തെ അന്വേഷിക്കുന്നവനും ഇല്ല. എല്ലാവരും വഴിതെറ്റി ഒരു പോലെ കൊള്ളരുതാത്തവരായി തീർന്നു. നന്മചെയ്യുന്നവൻ ഇല്ല ഒരുത്തൻ പോലുമില്ല." (റോമർ 3:10-12). ദൈവം നമുക്ക് ഓരോരു ത്തർക്കും നന്മ ചെയ്തിട്ട് പോലും, നാം നമ്മുടേതായ വഴിക്ക് നീങ്ങി. ദൈവം നമുക്ക് നൽകിയ നന്മ നാം ആരും തിരിച്ചു നൽകിയതുമി ല്ല. നാം എല്ലാവരും മത്സരമുള്ള മക്കളായിരുന്നു.

## നാം എന്തിനു യോഗ്യരായിരുന്നു: നീതിയുള്ള വിധിക്ക്

ഹോശേയാ 11:5-7 ൽ മത്സരമുള്ള മക്കൾക്ക് യോഗ്യമായതെന്ത് എന്നു പറയുന്നു. ദൈവം അവരെ ഭരിക്കുവാനായി മറ്റൊരു ദേശത്തെ (അശൂര്യ) അയക്കും എന്നു മുന്നറിയിച്ചിരുന്നു. അങ്ങനെ അവർ കഷ്ടതയും നഷ്ടവും അക്രമവും അനുഭവിക്കുമെന്നും അറിയിച്ചു. അവർ സന്തോഷപ്രദമായും വിജയപ്രദമായും തീരുവാൻ ചെയ്തതെല്ലാം തകിടം മറിഞ്ഞു. ദൈവം നമ്മെ തിരിച്ചറിയുവാൻ ആഗ്രഹിക്കുന്നത് എന്തെന്നാൽ അവന്റെ ഇഷ്ടത്തെ നാം അവഗണിച്ചാൽ കഷ്ടതയായിരിക്കും ഫലം എന്നാണ്. യിസ്രായേൽ ശിക്ഷക്ക് യോഗ്യമായതു ചെയ്തു എന്നു വിവരിച്ചിരിക്കുന്നു.

ആകയാൽ, എല്ലാ പാപികളും ശിക്ഷക്കു യോഗ്യരാണ്. "പാപത്തിന്റെ ശമ്പളം മരണമത്രെ" (റോമർ 6:23). നാം എല്ലാവരും പാപികളാണ്. നമ്മുടെ പാപം നിമിത്തം നാം മരിക്കേണ്ടതുമാണ്. നമുക്ക് ദൈവത്തോട് പരാതിപ്പെടുവാൻ ഒന്നുമില്ല. അവൻ നമ്മെ അനുഗ്രഹിച്ചു, പോറ്റിവളർത്തി ഒരു സ്നേഹവാനായ പിതാവായി പെരുമാറി. എന്നിട്ടും നാം അവനിൽ നിന്നു മുഖംതിരിച്ച് നമ്മുടെ സ്വന്ത വഴിക്ക് പോയപ്പോൾ നീതിയുള്ള ദൈവത്തിന്റെ വിധിക്ക് നാം യോഗ്യരായി. ആ വിധി നാം തന്നെ വരുത്തുന്നതാണ്. ആ വിധിക്ക് നാം യോഗ്യരുമായി.

## നമുക്ക് എന്തുകിട്ടി: പുതുക്കിയ സ്നേഹം

യിസ്രായേലിന് വരുവാനുള്ള നാശം ദൈവം മുന്നറിയിച്ചിരുന്നു എങ്കിലും, അവൻ തന്റെ സ്നേഹ വായ്പ്പോടെ അവരെ പ്രോത്സാഹിപ്പിക്കയുണ്ടായി. അവരെ അന്യന്മാരായി കാണുവാൻ തനിക്കു കഴിയുകയില്ല എന്നു ദൈവം അവരോട് അരുളി ചെയ്തു. തന്റെ മത്സരമുള്ള മക്കളോട് അവൻ തന്റെ മനസ്സലിവ് ഓർപ്പിച്ചു. ദൈവത്തിന് തന്റെ മക്കളെ തള്ളിക്കളയാൻ ആവുകയില്ല എന്ന് ബോധ്യപ്പെടുത്തി. പകരം, അവൻ അവർക്ക് മടങ്ങിവരുവാൻ പ്രത്യാശ നൽകി. യിസ്രായേൽ ആ മനസ്സലിവിനോ കരുണയ്ക്കോ യോഗ്യരായിരുന്നില്ലെങ്കിലും, ദൈവം സ്നേഹവാനായ പിതാവാകയാൽ തന്റെ മക്കളെ ഉപേക്ഷിപ്പാൻ അവനു മനസ്സില്ലായിരുന്നു.

ഇത് നമുക്ക് നല്ലൊരു വാർത്തയാണ്. നാം ദൈവത്തിൽ നിന്ന് അകന്നുപോയിരുന്നു. നാം അവന്റെ കോപത്തിനും ശിക്ഷക്കും

പാത്രീഭൂതർ ആകേണ്ടിയിരുന്നു. എന്നാൽ ദൈവം തന്റെ സ്നേഹവും മനസ്സലിവും നമ്മോട് പ്രദർശിപ്പിച്ചു. നമുക്ക് യോഗ്യമായത് കിട്ടാതിരിക്കുന്നതിനാൽ നാം ദൈവത്തിന് നന്ദിയുള്ളവരാകണം. എന്നാൽ നമുക്ക് എന്താണാവശ്യം: ക്രിസ്തുവോ നാം പാപികൾ ആയിരിക്കുമ്പോൾ തന്നെ നമുക്കുവേണ്ടി മരിക്കയാൽ ദൈവം തനിക്കു നമ്മോടുള്ള സ്നേഹത്തെ പ്രദർശിപ്പിക്കുന്നു. അവന്റെ രക്തത്താൽ നീതീകരിക്കപ്പെട്ട ശേഷമോ നാം അവനാൽ എത്രയധികമായി കോപത്തിൽ നിന്ന് രക്ഷിക്കപ്പെടും. ശത്രുക്കളായിരിക്കുമ്പോൾ തന്നെ നമുക്ക് അവന്റെ പുത്രന്റെ മരണത്താൽ ദൈവത്തോട് നിരപ്പുവന്നു. എങ്കിൽ നിരന്നശേഷം നാം അവന്റെ ജീവനാൽ എത്രയധികമായി രക്ഷിക്കപ്പെടും (റോമർ 5:6-8).

**ദാനം എന്നത് അവസാനിക്കാത്ത ഒരനുഗ്രഹമാണ്**

യിസ്രായേലിനെ മിസ്രയിം അടിമത്വത്തിൽ നിന്ന് വിളിച്ചുവരുത്തി എന്ന് അവരെ ഓർപ്പിക്കുന്നുണ്ട്. അവൻ അവരെ നടക്കുവാൻ പഠിപ്പിക്കുകയും തന്റെ കൈകളിൽ എടുത്ത് സംരക്ഷിക്കുകയും ചെയ്തു. അവനാണ് അവരെ സൗഖ്യമാക്കിയതും അനുഗ്രഹിച്ചതും. ദൈവം ഇവയെല്ലാം ചെയ്തത്, തന്റെ മക്കൾ തന്നിൽ നിന്ന് അന്യദേവന്മാരിലേക്ക് പോയപ്പോഴായിരുന്നു. ദൈവം അവരെ സ്നേഹത്തോടെ, അവരുടെ ജീവിതം എളുപ്പമുള്ളതും സമൃദ്ധവുമാക്കിത്തീർത്തു. അവരിൽ പാപം ഉണ്ടായിരുന്നിട്ടുപോലും ദൈവം അങ്ങനെ ചെയ്തു.

ദൈവം അനുഗ്രഹിക്കുമ്പോൾ, അവൻ അനുഗ്രഹിച്ചുകൊണ്ടേയിരിക്കും. നാം വീണുപോകുകയോ അല്ലെങ്കിൽ മത്സരിക്കുകയോ ചെയ്യുമ്പോഴും അവൻ നമ്മെ അറിഞ്ഞ് നമുക്ക് ധാരാളം കാര്യങ്ങൾ ചെയ്യുന്നത് എത്ര മനോഹരമാണ്. "അവൻ ദുഷ്ടന്മാരുടെ മേലും നീതിമാന്മാരുടെ മേലും സൂര്യനെ ഉദിപ്പിക്കുകയും മഴയും, ഫലഭൂയിഷ്ഠമായ കാലാവസ്ഥയും നൽകുന്നു" (മത്തായി 5:45). തന്റെ സൃഷ്ടികളോട്, അവർ അവനിൽ നിന്ന് അകന്നുപോയാലും ദൈവം ഉദാരവാനാണ്. നാം യോഗ്യരല്ലെങ്കിലും, ദൈവം നമ്മെ അവസാനിക്കാതെ അനുഗ്രഹിച്ചുകൊണ്ടേയിരിക്കുന്നു.

**അവസാനിക്കാത്ത സ്നേഹമാണ് ദാനം**

ദൈവം തന്റെ മക്കളായ യിസ്രായേലിനെ തള്ളിക്കളഞ്ഞില്ല.

അവരെ എഴുതി തള്ളാതിരിപ്പാൻ തക്കവണ്ണം അവൻ അവരെ സ്നേഹിച്ചു. അവൻ അവരുടെ പാപങ്ങളെ കണക്കിടാതവണ്ണം അവരോടു ക്ഷമിച്ചു. അവൻ അവരെ ശിക്ഷിപ്പാൻ ഒരുങ്ങിയെങ്കിലും, അവൻ അവർക്ക് പ്രത്യാശ നൽകുകയും, അതിൽ നിന്ന് നീക്കുപോക്ക് വരുത്തുകയും ചെയ്തു. ദൈവത്തിന്റെ അന്തമില്ലാത്ത സ്നേഹമാണ് അവന്റെ രക്ഷാദാനം.

ദൈവം ലോകത്തെ തുടർന്നും സ്നേഹിച്ചുകൊണ്ടേയിരുന്നു. നമ്മുടെ ലോകം ദൈവത്തിൽ നിന്ന് തുടർന്നും അകന്നുപൊയ്ക്കൊണ്ടിരുന്നു, അവരുടെ പ്രശ്നങ്ങൾക്ക് പരിഹാരമായി രാഷ്ട്രീയവും സാമൂഹ്യവുമായ കാര്യങ്ങൾ കണ്ടെത്തുവാൻ തുടങ്ങി. നാം വിചാരിക്കുന്നത് ശക്തമായ സമ്പത്തിൽ അല്ലെങ്കിൽ വലിയ സൈന്യത്തിൽ നാം സുരക്ഷിതർ ആണെന്നാണ്. നാം അന്യ ദേവന്മാരിലേക്ക് ഉത്തരങ്ങൾക്കായി തിരിയുമ്പോൾ, സത്യ ദൈവം തന്റെ ലോകത്തെ തുടർന്നും സ്നേഹിച്ചുകൊണ്ടിരിക്കുന്നു. "തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് അവൻ ലോകത്തെ സ്നേഹിച്ചു" (യോഹന്നാൻ 3:16). ദൈവത്തിന്റെ സ്നേഹത്തിന് അവസാനമില്ലാത്തതിനാൽ അവൻ നമ്മെ സ്നേഹിച്ചുകൊണ്ടിരിക്കുന്നു.

**വിട്ടുവീഴ്ച ഇല്ലാത്ത വിശുദ്ധിയാണ് ദാനം**

ദൈവം യിസ്രായേലിനെ വിളിച്ചപ്പോൾ, അവന്റെ മക്കൾ ഇടറി മാറി. അവർ ഇപ്പോൾ തങ്ങളുടെ പിതാവ് എന്തുവിചാരിക്കും എന്നു കരുതി ഭയപ്പെടുവാൻ തുടങ്ങി. അതായത്, അവർ തെറ്റു ചെയ്തു എന്നും ശിക്ഷിക്കപ്പെടുമെന്നും അവർക്കു തോന്നി. ദൈവത്തിന്റെ സ്നേഹം നിമിത്തമാണ് അവർ മടങ്ങി വന്നത്, എന്നാൽ ദൈവത്തിന്റെ നിലവാരം മാറ്റമില്ലാത്തതാണ് എന്ന് അവർ തിരിച്ചറിഞ്ഞു. ദൈവം തന്റെ മക്കളെ തിരിച്ചുവിളിച്ചത് അവർ പിതാവിന്റെ മുൻപിൽ നീതിപൂർവ്വമായ ജീവിതം നയിക്കേണ്ടതിനായിരുന്നു.

ഇത് അപ്പോഴും ശരിയായിരുന്നു. അതിനർത്ഥം ദൈവം നമ്മെ സ്നേഹിക്കുന്നതുകൊണ്ട് നമുക്ക് തുടർച്ചയായി അന്യദേവന്മാരിലേക്ക് പോകാമെന്നല്ല, മറിച്ച് പിതാവു നമ്മളെ രക്ഷിക്കുവാനും നമ്മുടെ കുറ്റം ഇല്ലാതായി നമ്മുടെ ജീവിതം അവനുവേണ്ടി സമർപ്പിക്കുവാനും ആണ് അവൻ ആഗ്രഹിക്കുന്നത്. "ക്രിസ്തുവിന്റെ

സ്നേഹം ഞങ്ങളെ നിർബന്ധിക്കുന്നു. എല്ലാവരും മരിച്ചു എന്നും ജീവിക്കുന്നവർ ഇനി തങ്ങൾക്കായിട്ടല്ല, തങ്ങൾക്കുവേണ്ടി മരിച്ചു ഉയിർത്തവനായിട്ടുതന്നെ ജീവിക്കേണ്ടതിന് അവൻ എല്ലാവർക്കും വേണ്ടി മരിച്ചു എന്നും ഞങ്ങൾ നിർണ്ണയിക്കുന്നു" (2 കൊരിന്ത്യർ 5:14, 15). നമ്മോടു ക്ഷമിക്കുവാൻ ദൈവം ഒരുക്കമാണ്. എന്നാൽ അവൻ നമ്മോടു ക്ഷമിക്കുമ്പോൾ നമ്മെ തിരിച്ചുവിളിച്ച് അവന്റെ നിലവാരത്തിൽ ജീവിക്കുവാനാണ് അവൻ ആഗ്രഹിക്കുന്നത്.

**അതുകൊണ്ട് നിങ്ങളോടുള്ള ദൈവത്തിന്റെ സ്നേഹത്തെ സ്വീകരിക്കുക**

പലരും ദൈവത്തെ ഭയപ്പെടുന്നവരാണ്. ദൈവം പരിശുദ്ധനായതുകൊണ്ടും അവൻ പാപത്തെ വെറുക്കുന്നതുകൊണ്ടും നമുക്കത് മനസ്സിലാക്കാവുന്നതേയുള്ളൂ. എന്നാൽ, താൻ വിളിക്കുന്നവരോട് ദൈവത്തിന് മനസ്സലിവുണ്ട് എന്ന് ഹോശെയാ പ്രവാചകൻ ഓർപ്പിക്കുന്നു. ദൈവം നിങ്ങളോട് ക്ഷമിക്കുവാനും നിങ്ങളെ അവനിലേക്ക് തിരിച്ചുവരുത്തുവാനും ആഗ്രഹിക്കുന്നു. നിങ്ങളെ ശിക്ഷിച്ച് നിങ്ങളുടെ കഷ്ടത കാണുവാൻ അവൻ ആഗ്രഹിക്കുന്നില്ല. കാരണം ദൈവം നിങ്ങളെ അത്രമാത്രം സ്നേഹിക്കുന്നു.

നിങ്ങൾ ദൈവത്തിന്റെ സ്നേഹത്തെ സ്വീകരിക്കുവാൻ ഞാൻ നിങ്ങളെ ക്ഷണിക്കുന്നു. നിങ്ങളുടെ സ്ഥാനത്ത് നിങ്ങൾക്കുവേണ്ടി മരിപ്പാൻ ദൈവം യേശുവിനെ അയച്ചതു നിങ്ങൾ കാണുന്നുണ്ടോ. നിങ്ങളുടെ ആത്മാവിന് ദൈവം കണക്കാക്കുന്ന വില തിരിച്ചറിയുക. നിങ്ങളുടെ പാപത്തിന് വില കൊടുക്കുവാനും ക്ഷമിക്കുവാനും ദൈവം തയ്യാറായത് അവനു നിങ്ങളോടുള്ള സ്നേഹം നിമിത്തമാണ്.

**അതുകൊണ്ട് നിങ്ങൾക്കുവേണ്ടിയുള്ള ദൈവേഷ്ടം സ്വീകരിക്കുക**

തിരിച്ചു ദൈവത്തോട് അടുക്കുക എന്നത് അവന്റെ മനസ്സലിവു മാത്രമല്ല കാരണമായി തീരുന്നത്. അവന്റെ സ്നേഹം നമ്മെ തിരിച്ച് ദൈവത്തിലേക്ക് അടുക്കണമെന്ന് ബോധ്യപ്പെടുത്തുന്നു. അതിൽ അവന്റെ വിശുദ്ധിയും അവന്റെ ഇഷ്ടത്തോടുള്ള നിങ്ങളുടെ കീഴ്പ്പെടലും ഉൾപ്പെടുന്നു.

നിങ്ങളുടെ ജീവിതത്തിൽ അവന്റെ ഇഷ്ടം ചെയ്യുവാൻ ഞാൻ നിങ്ങളെ ക്ഷണിക്കുന്നു. "ഇതു കേട്ടിട്ട് അവർ ഹൃദയത്തിൽ കുത്തു കൊണ്ടു പത്രൊസിനോടും ശേഷം അപ്പൊസ്തലന്മാരോടും, സഹോദരന്മാരായ പുരുഷന്മാരെ ഞങ്ങൾ എന്തു ചെയ്യേണ്ടു എന്നു ചോദിച്ചു. പത്രൊസ് അവരോട്, നിങ്ങൾ മാനസാന്തരപ്പെട്ടു നിങ്ങളുടെ പാപങ്ങളുടെ മോചനത്തിനായി ഓരോരുത്തൻ യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനം ഏല്പ്പിൻ; എന്നാൽ പരിശുദ്ധാത്മാവ് എന്ന ദാനം ലഭിക്കും" (പ്രവൃത്തികൾ 2:37, 38). ഈ ആളുകൾ പാപം ചെയ്തവരാണ് എന്നവർക്ക് ബോധ്യമായി. അവർ എന്തു ചെയ്യേണമെന്ന് അവരോടു ചോദിച്ചു. പത്രൊസ് പറഞ്ഞത് അവർ ദൈവേഷ്ടം അനുസരിക്കണം എന്നാണ്. മാനസാന്തരവും സ്നാനവും അവർക്ക് ആവശ്യമായിരുന്നു. എങ്കിലേ അവരുടെ പാപങ്ങൾക്ക് പരിഹാരം ലഭിക്കുമായിരുന്നുള്ളൂ. പിന്നെ അവർ അപ്പൊസ്തലന്മാരുടെ ഉപദേശത്തിൽ നിലനില്ക്കണമായിരുന്നു. നിങ്ങളും ഇന്ന് അതുതന്നെയാണ് ചെയ്യേണ്ടത്. കാരണം ദൈവേഷ്ടത്തിനു മാറ്റമില്ല. ദൈവം വാഗ്ദാനം ചെയ്യുന്ന തന്റെ സ്നേഹം ലഭിക്കുവാൻ നിങ്ങൾ ദൈവത്തിങ്കലേക്ക് തിരിയുക. അവന്റെ സ്നേഹം സ്വീകരിക്കുകയും അവന്റെ ഇഷ്ടം അനുസരിക്കുകയും ചെയ്യുക.

★

# ജീവിതത്തെ കണ്ടെത്തൽ

## മൈക്കിൾ എൽ. കിംഗ്

എല്ലാ ഭാഗത്തുമുള്ള മനുഷ്യരും ജീവിതത്തിന്റെ അർത്ഥം ഒരു വിധത്തിൽ അല്ലെങ്കിൽ മറ്റൊരുവിധത്തിൽ കണ്ടെത്തുവാൻ ശ്രമിക്കുന്നവരാണ്. പൗലൊസ് അഥേനയിൽ ആയിരുന്നപ്പോൾ അവിടെയുണ്ടായിരുന്ന യവനന്മാർ അന്വേഷണത്തിലായിരുന്നു, എന്നാൽ അവർ തെറ്റായ സ്ഥാനങ്ങളിലേക്കാണ് നോക്കിയിരുന്നത്. അവരുടെ "അജ്ഞാത ദേവൻ" എന്നതിനെ ചൂണ്ടി പൗലൊസ് സത്യദൈവത്തെ അവരോടു പ്രഖ്യാപിച്ചു. അവൻ ജീവനും ശ്വാസവും, സകലതും തരുവാൻ പ്രാപ്തിയുള്ളവനും, അതേ സമയത്ത് നമ്മിൽ

ആരിൽ നിന്നും അകന്നിരിക്കുന്നവനും അല്ല. കാരണം അവനിലാണ് നാം ജീവിക്കുന്നതും, ചരിക്കുന്നതും, ഇരിക്കുന്നതും (പ്രവൃത്തികൾ 17:23-28).

ജീവിതത്തിൽ സന്തോഷം നിറവേറ്റുക എന്നത് എല്ലാവരുടേയും ആഗ്രഹമാണ്, എന്നാൽ പലർക്കും അത് വിദൂരതയും തങ്ങളുടെ അഭിലാഷമായി മാത്രവും ഇരിക്കുന്നു. ജീവിതത്തിൽ യഥാർത്ഥമായ ഉദ്ദേശം കണ്ടെത്തുക എന്നത് പരമ പ്രധാനമാണ്. കർത്താവു പറഞ്ഞു, "ഞാൻ വന്നത് അവർക്കു ജീവൻ ഉണ്ടാകുവാനും സമൃദ്ധിയായിട്ടുണ്ടാകുവാനും അത്രെ" (യോഹന്നാൻ 10:10). ദൈവത്തിന്റെ സൃഷ്ടിയിൽ ഏതെങ്കിലും ഒരാൾ ആ സമൃദ്ധമായ ജീവൻ ആസ്വദിക്കുന്നില്ലെങ്കിൽ ദൈവേഷ്ടം അയാളിൽ വന്നിട്ടില്ല എന്നു സ്പഷ്ടം.

ഒരു തോട്ടത്തിൽ ചെടികളുടെ വിത്തു പാകി ദൈവത്തിന്റെ മഴയും സൂര്യ പ്രകാശവും ലഭിച്ച് അതു വളർന്നു വരുന്നതു എത്ര മനോഹരമായ കാഴ്ച്ചയാണ്. അതിന്റെ തുടർന്നുള്ള വളർച്ച അതു പുഷ്പിച്ച് ഫലം പുറപ്പെടുവിക്കുമ്പോൾ കൂടുതൽ നമ്മെ സന്തോഷിപ്പിക്കുന്നു. അത്തരം അദ്ധ്വാനത്തിന്റെ ഫലമായി ക്ഷമയോടെ കാത്തിരുന്നാൽ വിളവെടുപ്പിൽ നമുക്ക് തൃപ്തി കണ്ടെത്താൻ കഴിയും.

അതുപോലെ, എന്റെ ജീവിത തോട്ടത്തിൽ കൂടെ ദൈവം നടക്കുന്നത് എന്നെ സന്തോഷവാനാക്കുന്നു എന്നു സത്യസന്ധമായി നമുക്കു പറയാൻ കഴിയുമോ? ഒരാൾക്ക് ക്രിസ്ത്യാനി ആയി തീർന്നതിനുശേഷം ആ സമൃദ്ധമായ ജീവൻ നഷ്ടപ്പെട്ടേക്കാം. യേശുക്രിസ്തുവിന്റെ ഉപദേശത്തോടെ പ്രതികരിക്കുകയും വീണ്ടും ജനിക്കുകയും ചെയ്തവർ ജീവന്റെ പുതുക്കത്തിൽ നടക്കുവാൻ ശ്രമിക്കുന്നവരാണ്.

നീരുറവയിൽ നിന്ന് പൊട്ടിപ്പുറപ്പെടുന്ന അരുവിയിൽ നിന്ന് വെള്ളം ധാരാളമായി ഒഴുകുന്നതുപോലെയാണ് ആത്മീയമായ നവോത്ഥാനം (റോമർ 12:1, 2). ഈ ജീവിതത്തിൽ തന്നെ ക്രിസ്ത്യാനിക്ക് സമൃദ്ധമായ ജീവൻ നൽകുവാൻ ദൈവം ആഗ്രഹിക്കുന്നു. ആത്മീയമായ വളർച്ചയിൽ മാന്ദ്യം അനുഭവപ്പെട്ടാൽ, നാം ആ സമൃദ്ധമായ ജീവന്റെ പങ്കില്ലാത്തവരാണെന്ന് ബോധ്യമാക്കുന്നു. കാരണം ക്രിസ്തു യേശുവിൽ നമുക്കുള്ളത് സമൃദ്ധമായ ജീവനാണ്.

ഇപ്പോഴും, വരുവാനുള്ള ലോകത്തിലും നമുക്ക് സന്തോഷവും പ്രത്യാശയും നൽകുന്നതാണ് വിശ്വാസപൂർവ്വം നയിക്കുന്ന ഓരോ ജീവിതത്തിന്റെയും ഫലം. നാം ദൈവത്തിൽ ആശ്രയിക്കുകയും നമ്മെ നയിക്കുവാൻ ദൈവത്തെ അനുവദിക്കുകയും ചെയ്താൽ നാം പുതുക്കമുള്ളവരും ആത്മീയമായി വളരുന്നവരും ആയിരിക്കും, അങ്ങനെയായാൽ നാം ഭയമില്ലാത്തവരും പരാജയം അടയാത്തവരും ആയിത്തീരും.

താൻ തിരഞ്ഞെടുത്ത അപ്പൊസ്തലന്മാർ ദൈവ ഭക്തിയോടെ വചനം വ്യാപിപ്പിക്കുവാൻ ലഭിച്ചതായ ആജ്ഞ നിറവേറ്റി. കർത്താവ് തന്റെ അസാന്നിധ്യത്തിൽ താൻ അവരോടുകൂടെ എല്ലാനാളും ഉണ്ടാകും എന്ന് വാഗ്ദാനം ചെയ്തു (മത്തായി 28:18-20). കർത്താവ് ഉയർത്തെഴുന്നേറ്റ് സ്വർഗ്ഗാരോഹണം ചെയ്ത് ദൈവത്തിന്റെ വലതുഭാഗത്ത് ഇരിക്കുന്നത് അവർക്ക് സ്ഥലം ഒരുക്കുവാനും അവരെ അവിടേക്കു കൊണ്ടുപോകുന്നതിനുമാണ് (യോഹന്നാൻ 14:1-3). അവരുടെ ജീവിതത്തിൽ അവർ കർത്താവിനെ സേവിക്കേണ്ടതിന് ആവശ്യങ്ങൾ നിറവേറ്റുന്ന ദൈവത്തിന്റെ ശക്തിയേയും കൃപയെയും വാഗ്ദാനം ചെയ്തത് സ്വീകരിച്ചു പ്രവർത്തിച്ചുവന്നു.

നമ്മുടെ ഈ ലോകജീവിതത്തിലും വരുവാനുള്ള ലോകത്തിലും ദൈവത്തിന്റെ അനുഗ്രഹങ്ങൾ അനുഭവിക്കുവാൻ കഴിയുമെന്ന് ദൈവം നമുക്ക് ഉറപ്പു നൽകുന്നു. അതുകൊണ്ട് അതു നമ്മിൽ ആശ്വാസവും, ആത്മവിശ്വാസവും നൽകി ദൈവമക്കളായി ജീവിപ്പാൻ നമുക്ക് വേണ്ട പ്രചോദനം നൽകുന്നു. അവന്റെ നന്മയും അനുഗ്രഹങ്ങളും ദൈവമക്കൾക്കായി അവൻ വേർതിരിച്ചു നിർത്തിയിരിക്കുന്നു. ഈ ആയുസ്സ് നമുക്ക് ദൈവമാണ് നൽകിയിരിക്കുന്നത്. തൽഫലമായി നാം അത് യഥാവിധി ഉപയോഗിച്ചാൽ അതിന്റെ ഫലം നമുക്കനുഭവിക്കാം.

മിസ്രയിം അടിമത്വത്തിൽ നിന്ന് യിസ്രായേൽ ജനത്തെ ദൈവം മടക്കി കൊണ്ടുവന്നപ്പോൾ അവർക്കു നൽകിയതുപോലെ, ഇന്നും തന്റെ ജനത്തെ ദൈവം കരുതുകയും ആവശ്യമുള്ളത് നൽകുകയും ചെയ്യും. അവന്റെ കരുണാധിക്യപ്രകാരമുള്ള മേൽനോട്ടവും കരുതലും നമുക്ക് ചരിത്രത്തിൽ ബോധ്യപ്പെടുത്തി തന്നിട്ടുണ്ട്. യിസ്രായേൽ ജനത്തിന് ദൈവം മന്ന പൊഴിച്ചുകൊടുത്തതുപോലെ ഇന്നും ആ വിധത്തിൽ അല്ലെങ്കിൽ പോലും ദൈവം നമുക്ക് ആഹാരം തരാ

തിരിക്കുന്നില്ല. നാം അത് തിരിച്ചറിഞ്ഞാലും ഇല്ലെങ്കിലും അതാണ് വാസ്തവം. പഴയ നിയമകാലത്ത് പാറയിൽ നിന്ന് ജലം പുറപ്പെടുവിച്ച് അവർക്ക് ദാഹശമനം വരുത്തിയ ദൈവം ഇന്നും വിശ്വസ്തനാണ്. അവൻ തക്കസമയത്ത് എല്ലാ ദേശത്തുമുള്ള ആളുകൾക്കും ആവശ്യമുള്ള ജലം നൽകുന്നു (സംഖ്യാപുസ്തകം 11:4-9 ; പുറപ്പാട് 17:6).

നമ്മുടെ ദൈനംദിന ആവശ്യങ്ങളെ അറിയുന്നവനാണ് ദൈവം മാത്രമല്ല നമ്മുടെ ജീവിതത്തെ നമ്മെക്കാൾ അധികമായി കരുതുന്നവനുമാണ് ദൈവം. ദൈവത്തിന്റെ അനുഗ്രഹങ്ങൾ തന്റെ അരുളപ്പാടുകളിലൂടെ വെളിപ്പെടുത്തിയിട്ടുണ്ട്. അപ്പൊസ്തലന്മാർ ഒന്നാം നൂറ്റാണ്ടിൽ എവിടെയെല്ലാം പോയോ അവിടെയെല്ലാം ദൈവത്തിന്റെ സന്ദേശം അറിയിച്ചു. അവരെല്ലാം പരിശീലിച്ചുകൊണ്ടിരുന്നതാണ് പ്രസംഗിച്ചത്. മറ്റൊരർത്ഥത്തിൽ പറഞ്ഞാൽ അവരുടെ ജീവിതവും പ്രസംഗവും ഒന്നുതന്നെയായിരുന്നു. അത് യേശുക്രിസ്തു അവർക്കു കാണിച്ചു കൊടുത്ത മാതൃക ആയിരുന്നു. അതേ മാതൃകയാണ് ഇന്നും ആളുകൾ അനുകരിക്കേണ്ടത്.

ആകയാൽ നിങ്ങൾ ക്രിസ്തുവിനോടുകൂടെ ഉയിർത്തെഴുന്നേറ്റിരിക്കുന്നുവെങ്കിൽ ക്രിസ്തു ദൈവത്തിന്റെ വലത്തുഭാഗത്ത് ഇരിക്കുന്നിടമായ ഉയരത്തിലുള്ളത് അന്വേഷിപ്പിൻ. ഭൂമിയിലുള്ളതല്ല ഉയരത്തിലുള്ളതുതന്നെ ചിന്തിപ്പിൻ. തന്നെ സൃഷ്ടിച്ചവന്റെ പ്രതിമപ്രകാരം പരിജ്ഞാനത്തിനായി പുതുക്കം പ്രാപിക്കുന്ന പുതിയ മനുഷ്യനെ ധരിച്ചുകൊൾവിൻ. ക്രിസ്തുവിന്റെ സമാധാനം നിങ്ങളുടെ ഹൃദയങ്ങളിൽ വാഴട്ടെ, അതിനല്ലോ നിങ്ങൾ ഏക ശരീരമായി വിളിക്കപ്പെട്ടിരിക്കുന്നത്, നന്ദിയുള്ളവരായി ഇരിപ്പിൻ (കൊലൊസ്യർ 3:1-15). യാചിപ്പിൻ എന്നാൽ നിങ്ങൾക്കു കിട്ടും, അന്വേഷിപ്പിൻ എന്നാൽ നിങ്ങൾ കണ്ടെത്തും (മത്തായി 7:7, 8). ദൈവേഷ്ടം പ്രവർത്തിക്കുക എന്ന ലക്ഷ്യമായിരിക്കണം ഓരോരുത്തരിലും വേണ്ടത്. അല്ലെങ്കിൽ അവസാനം ന്യായവിധിയിൽ നാം തള്ളപ്പെടും. ക്രിസ്തു നമ്മെ അന്ത്യ നാളിൽ വിധിക്കുന്നത് അവന്റെ വചനപ്രകാരമാണെന്ന് അറിയുക(യോഹന്നാൻ 12:48).

# പുതിയ നിയമ ലാളിത്യം

## ചാൾസ് ബോക്ക്

മനുഷ്യൻ എപ്പോഴും ആഘോഷങ്ങളിലും ഉത്സവങ്ങളിലും സംപ്രീതനാകുന്നതായി കാണാം. അതായതു സ്വന്തം മനസ്സിനു തൃപ്തിയുളവാക്കുന്നതിനുവേണ്ടി ഓരോ കാര്യങ്ങൾ ചെയ്യുന്നു. പക്ഷെ ദൈവം വിചാരിക്കുന്നതുപോലെയല്ല മനുഷ്യൻ വിചാരിക്കുന്നത്. യേശുക്രിസ്തുവിന്റെ കാലമായ പുതിയ നിയമ കാലയളവിൽ കർത്താവു നമ്മെ പഠിപ്പിച്ചിരിക്കുന്ന കാര്യങ്ങൾ എല്ലാം വളരെ ലളിതമാണ്. ദൈവം പ്രസാദിക്കുന്നതു അത്തരം കാര്യങ്ങളിലാണ്. ലാളിത്യവും, എളിമയും, സ്നേഹവും അനുസരണവും മനുഷ്യരിൽ കാണുവാൻ ദൈവം ആഗ്രഹിക്കുന്നു. മനുഷ്യർ മതത്തെ ഒരു കാഴ്ച്ച വസ്തുവോ അല്ലെങ്കിൽ കൂത്തുകാഴ്ച്ചയോ ആക്കുവാൻ ആഗ്രഹിക്കുന്നു. പക്ഷെ ദൈവം അതിൽ പ്രസാദിക്കുകയില്ല. "ഞാൻ നിങ്ങളോടു കല്പിച്ചതു ചെയ്താൽ, നിങ്ങൾ എന്റെ സ്നേഹിതന്മാർ ആകും" എന്നാണ് കർത്താവു പറഞ്ഞത് (യോഹന്നാൻ 15:14).

അനവധി ആളുകളിൽ പാരമ്പര്യം, പെരുന്നാളുകൾ, സംഘടനകൾ, അവസാനമില്ലാത്ത വിവിധ ചടങ്ങുകൾ എന്നിവയാണ് മതപരമായ കാര്യങ്ങളെ കുറിച്ചു ചിന്തിക്കുമ്പോൾ അവരുടെ ഉള്ളിൽ വരുന്നത്. ഇത്തരം കാര്യങ്ങൾക്കെതിരായി ദൈവം മുന്നറിയിച്ചിട്ടുണ്ട്. ദയവായി താഴെ കൊടുത്തിരിക്കുന്നവ നിരീക്ഷിക്കുക: "യേശു അവരോടു നിലയങ്കികളോടെ നടപ്പാൻ ഇച്ഛിക്കയും അങ്ങാടിയിൽ വന്ദനവും പള്ളിയിൽ മുഖ്യാസനവും അത്താഴത്തിൽ പ്രധാന സ്ഥലവും പ്രിയപ്പെടുന്ന ശാസ്ത്രിമാരെ സൂക്ഷിച്ചുകൊൾവിൻ" (ലൂക്കൊസ് 20:46). "നിങ്ങളോ എല്ലാവരും സഹോദരന്മാർ. ഭൂമിയിൽ ആരെയും പിതാവു എന്നു വിളിക്കരുത്. ഒരുത്തൻ അത്രേ നിങ്ങളുടെ പിതാവു, സ്വർഗ്ഗസ്ഥൻ തന്നെ" (മത്തായി 23:9) "അവർ തങ്ങളുടെ പ്രവൃത്തികൾ എല്ലാം മനുഷ്യർ കാണേണ്ടതിന്നത്രേ ചെയ്യുന്നത്. തങ്ങളുടെ മന്ത്രപ്പട്ട വീതിയാക്കി തൊങ്ങൽ വലുതാക്കുന്നു. അത്താഴത്തിൽ പ്രധാന സ്ഥലവും പള്ളിയിൽ മുഖ്യാസനവും, അങ്ങാടിയിൽ വന്ദനവും, മനുഷ്യർ റബ്ബീ എന്നു വിളിക്കുന്നതും അവർക്കു പ്രിയ

മാകുന്നു" (മത്തായി 23:5, 6). ഈ വാക്യങ്ങളും ഇതുപോലെയുള്ള മറ്റനവധി വാക്യങ്ങളും ലംഘിച്ചു ആളുകൾ ആഘോഷതിമിർപ്പിൽ ആറാടുകയാണ്. പക്ഷെ തിരുവെഴുത്തിലെ ലളിതമായ വ്യവസ്ഥക ളിൽ ആളുകൾ പലരും തൃപ്തരല്ല എന്നു കാണുന്നു.

**രക്ഷയിൽ പുതിയ നിയമ ലാളിത്യം**

ദൈവത്തിനു സമർപ്പിക്കുന്ന ഏതൊരു സേവനത്തിന്റേയും ആരംഭം വിശ്വാസം ആകണം. "ആകയാൽ വിശ്വാസം കേൾവിയാ ലും, കേൾവി ക്രിസ്തുവിന്റെ വചനത്താലും വരുന്നു (റോമർ 10:17). ദൈവത്തെ അനുസരിക്കുവാൻ നമ്മെ പ്രേരിപ്പിക്കുന്നതു വിശ്വാസ മാണ്. വിശ്വാസം കൂടാതെ നമുക്കു ദൈവത്തെ പ്രസാദിപ്പിക്കുവാൻ സാധ്യമല്ല. ദൈവത്തിന്റെ അടുക്കൽ വരുന്നവർ ദൈവം ഉണ്ട് എന്നും തന്നെ അന്വേഷിക്കുന്നവർക്കു പ്രതിഫലം കൊടുക്കുന്നു എന്നും വിശ്വസിക്കേണ്ടതല്ലയോ (എബ്രായർ 11:6). മാനസാന്തരവും ആവ ശ്യമാണ്. മനസ്സിൽ വരുത്തേണ്ടതായ മാറ്റത്തെയാണ് ഉദ്ദേശിക്കു ന്നതെങ്കിലും അതു ജീവിതത്തിൽ പ്രായോഗികമാക്കണം. "ചിലർ താമസം എന്നു വിചാരിക്കുന്നതുപോലെ കർത്താവു തന്റെ വാഗ്ദത്തം നിവർത്തിപ്പാൻ താമസിക്കുന്നില്ല. ആരും നശിച്ചുപോ കാതെ എല്ലാവരും മാനസാന്തരപ്പെടുവാൻ അവൻ ഇച്ഛിച്ചു നിങ്ങ ളോടു ദീർഘക്ഷമ കാണിക്കുന്നതേയുള്ളൂ" (2 പത്രൊസ് 3:9). ഒന്നു കിൽ മാനസാന്തരപ്പെടുക അല്ലെങ്കിൽ നശിക്കുക. ഇതിനു രണ്ടിനും മദ്ധ്യേ ഒന്നില്ല. രക്ഷയിൽ ഉൾപ്പെടുന്ന മറ്റൊരു പ്രധാനപ്പെട്ട ഭാഗ മാണ് ക്രിസ്തുവിലുള്ള വിശ്വാസം ഏറ്റുപറയുക എന്നത് (റോമർ 10:9, 10). യേശു, കർത്താവും ക്രിസ്തുവുമെന്നു ഏറ്റു പറയുന്ന ലളി തമായ കാര്യം ദൈവ മുൻപാകെ വിലയുള്ളതാണ്. നമ്മുടെ രക്ഷക്കു അതു പ്രധാനപ്പെട്ടതുമാണ്. രക്ഷയുടെ ഭാഗമായ അവസാനത്തെ പടിയാണ് ക്രിസ്തുവിനോടു ചേരുവാനുള്ള സ്നാനം ഏല്ക്കൽ. "ക്രിസ്തുവിനോടു ചേരുവാൻ സ്നാനം ഏറ്റിരിക്കുന്ന നാം അവനെ ധരിച്ചിരിക്കുന്നുവല്ലോ" (ഗലാത്യർ 3:27). ദൈവത്തിന്റെ കല്പനകൾ എല്ലാം പ്രധാനപ്പെട്ടതാണ്. സ്നാനവും പ്രധാനപ്പെട്ടതാണ് (മർക്കൊസ് 16:16). പുതിയ നിയമ രക്ഷാ പദ്ധതി വളരെ ലളിതമാണ്. രക്ഷക്കു വേറൊരു വഴിയുമില്ല.

**ആരാധനയിൽ പുതിയ നിയമ ലാളിത്യം**

പുതിയ നിയമാരാധനയുടെ ലാളിത്യം പ്രവൃത്തികൾ 2:42 ൽ കാണാം. "അവർ അപ്പൊസ്തലന്മാരുടെ ഉപദേശം കേട്ടും കൂട്ടായ്മ ആചരിച്ചും അപ്പം നുറുക്കിയും പ്രാർത്ഥന കഴിച്ചും പോന്നു." പുതിയ നിയമാരാധനയിൽ (1) അപ്പൊസ്തലന്മാരുടെ ഉപദേശവും അടങ്ങുന്നു. കാരണം ഉപദേശത്താലാണ് ആത്മിക വർദ്ധനവരുന്നത് (1 കൊരിന്ത്യർ 14:19). (2) ആഴ്ച്ച വട്ടത്തിന്റെ ഒന്നാം നാളിൽ ക്രിസ്ത്യാനികൾ ധർമ്മശേഖരം നടത്തുന്നു (1 കൊരിന്ത്യർ 16:1, 2). അപ്പം നുറുക്കൽ അഥവാ കർത്തൃമേശയിൽ നിന്നു പങ്കിടലും ആഴ്ച്ചവട്ടത്തിന്റെ ഒന്നാം നാളിലെ ആരാധനയുടെ ഭാഗമാണ് (1 കൊരിന്ത്യർ 11:23). (4) ക്രിസ്തീയാരാധനയുടെ ഭാഗമായി പ്രാർത്ഥനയും കഴിച്ചിരുന്നു (പ്രവൃത്തികൾ 2:47). കൊരിന്ത്യ സഭയോടു കല്പിച്ചിരിക്കുന്നത് പാട്ടു പാടുവാനാണ് (1 കൊരിന്ത്യർ 14:15). പുതിയ നിയമാരാധന പ്രയാസമുള്ളതല്ല. എത്രത്തോളം ലളിതമാക്കാമോ അത്രത്തോളം ദൈവം അതിനെ ലളിതമാക്കിയിരിക്കുന്നു. നമുക്ക് ഒരിക്കലും അതിനെ ഉപേക്ഷയായി വിചാരിക്കയോ സഭായോഗം മുടക്കുകയോ ചെയ്യാതിരിക്കാം (എബ്രായർ 10:24).

## നിങ്ങളുടെ വിശ്വാസം മറ്റുള്ളവരുമായി പങ്കിടൽ

**ജസ്റ്റിൻ ജൂയിൻ**

ക്രിസ്ത്യാനിയായിത്തീർന്ന ഓരോ സ്ത്രീ പുരുഷന്മാരുടെയും കർത്തവ്യമാണ് തങ്ങളുടെ വിശ്വാസം മറ്റുള്ളവരുമായി പങ്കിടുക എന്നത്. ക്രിസ്തുവിന്റെ സുവാർത്ത എല്ലാവരും അറിഞ്ഞിരിക്കേണ്ടതിന്റെ ആവശ്യകത എന്തെന്നാൽ ആത്മാവിന്റെ രക്ഷ പ്രാധാന്യമുള്ളതും ക്രിസ്തുവിന്റെ സന്ദേശം ഒഴിച്ചുകൂടാനാവാത്തതുമാണ്. നിങ്ങളുടെ സ്നേഹിതന്മാർ, സഹപ്രവർത്തകർ തുടങ്ങിയ മറ്റുള്ളവർ ക്രിസ്തുവിന്റെ സുവിശേഷം കേട്ടിരിക്കയില്ല. ദൈവത്തിന്റെ രക്ഷാപദ്ധതിയാണ് സുവിശേഷം. അതാണ് സകല മനുഷ്യരും അനു

സരിക്കേണ്ടത്. നമ്മുടെ ഭവനത്തിലാണെങ്കിലും ആരെങ്കിലും സുവിശേഷം കേൾക്കാതെ നഷ്ടപ്പെടുവാൻ ഇടയാകരുത്. അത് നിങ്ങളുടെ ഭർത്താവാകാം, ഭാര്യയാകാം, മക്കളാകാം, അതുമല്ലെങ്കിൽ ഏറ്റവും അടുത്ത ബന്ധുവാകാം. അവർ ദൈവത്തോടുള്ള ബന്ധം ശരിയാക്കേണ്ടതായിട്ടുണ്ട്. അവർ ക്രിസ്തുവിന്റെ സന്ദേശം തള്ളിക്കളയുമ്പോൾ നമുക്ക് വിഷമമുണ്ടാകും. അതുപോലെ രക്ഷകർത്താക്കളും അവരുടെ മാതാപിതാക്കളും വിശ്വാസം മക്കളിൽ പകർന്നുകൊടുക്കേണ്ടതും ആണ്. ഞാൻ ചില ചിന്തകൾ നിങ്ങൾക്ക് പകർന്നു തരുവാൻ ആഗ്രഹിക്കുന്നത് ആവർത്തന പുസ്തകം 6:6–7 നെ ആസ്പദമാക്കിയാണ്.

ആദ്യം നാം വിശ്വാസത്തെ ഹൃദിസ്ഥമാക്കണം. അതിനുശേഷം ആവർത്തനപുസ്തകം 6:6 വായിച്ച് ഗ്രഹിക്കുക. അവിടെ പ്രതിപാദിച്ചിരിക്കുന്നത് “ഇന്നു ഞാൻ നിന്നോടു കൽപിക്കുന്ന ഈ വചനങ്ങൾ നിന്റെ ഹൃദയത്തിൽ ഇരിക്കേണം” നാം ദൈവത്തിന്റെ കൽപനകൾ നമ്മുടെ ജീവിതത്തിൽ അനുസരിക്കുമ്പോൾ നമ്മുടെ ജീവിതത്തിന് വ്യത്യാസമുണ്ടാകും. തൽഫലമായി അവന്റെ കൽപനകൾ വരുത്തുന്ന മാറ്റം നിമിത്തം നമ്മുടെ പങ്കാളിയോട്, മക്കളോട്, മറ്റുള്ള ബന്ധുക്കളോട് നാം പറയുന്ന വാക്കുകളും പ്രവൃത്തികളും അവരെ ബോദ്ധ്യമാക്കുന്ന യാഥാർത്ഥ്യം നമുക്ക് തിരിച്ചറിയാം. ചുരുക്കി പറഞ്ഞാൽ നമ്മുടെ ജീവിതം ദൈവത്തിന്റെ ഹിതമായി തീരുന്നു.

രണ്ടാമതായി നാം നമ്മുടെ വിശ്വാസത്തെ പങ്കിടേണ്ടത് ജാഗ്രതയോടെയാണ്. അതിനർത്ഥം അലക്ഷ്യമായിട്ടല്ല, ഉത്സാഹത്തോടെ അത്രെ അത് പകർന്നു കൊടുക്കേണ്ടത്. കാരണം വിശ്വാസം ഫലം പുറപ്പെടുവിക്കുന്നതാകണം. ജീവിക്കുന്ന വിശ്വാസം എന്നു പറയുന്നത് യഥാർത്ഥമായ ദൈവത്തിലുള്ള ആശ്രയമാണ്. ആദ്യം നമ്മുടെ വിശ്വാസ ജീവിതം കുടുംബത്തിൽ എല്ലാവരും തിരിച്ചറിയണം. നിങ്ങളുടെ പങ്കാളി അല്ലെങ്കിൽ നിങ്ങളുടെ കുട്ടികൾ നിങ്ങളുടെ വിശ്വാസത്തെ പിന്താങ്ങുന്നില്ലെങ്കിൽ അഥവാ അവർ ദൈവഭക്തരായി ജീവിക്കുവാൻ ആഗ്രഹിക്കുന്നില്ലെങ്കിൽ വളരെ എളുപ്പത്തിൽ നിങ്ങൾ നിരാശരായേക്കാം.

ആവർത്തനപുസ്തകം 6:7 ൽ പറയുന്നത് നിങ്ങളുടെ മക്കളെ താല്പര്യത്തോടെ പഠിപ്പിക്കണം എന്നാണ്. താല്പര്യത്തോടെ എന്ന വാക്കിനർത്ഥം നിങ്ങൾ എടുത്തിരിക്കുന്നത് നിരന്തരമായി ശ്രമിച്ചു

കൊണ്ടിരിക്കുക എന്നതാണ്. ഇത് ഒരു ദിവസത്തെയോ രണ്ടു ദിവസത്തെയോ കാര്യമല്ല മറിച്ച്, ആയുഷ്കാലം മുഴുവൻ നടത്തേണ്ടതാണ്. നമ്മുടെ കുടുംബത്തോടോ അല്ലെങ്കിൽ മറ്റാരോടെങ്കിലുമോ വിശ്വാസത്തെ പങ്കിടേണ്ടത് നിരന്തരമായ പരിശ്രമം ആണ്. അങ്ങനെ ചെയ്യാത്തവർ അതിൽ ഉറപ്പില്ലാത്തവരും നിശ്ചയമില്ലാത്തവരുമാണ്.

മൂന്നാമത്, സംഭാഷണത്തിലൂടെ വിശ്വാസത്തെ പകരേണ്ടതാണ്. ആവർത്തന പുസ്തകം 6:7 ന്റെ മറ്റൊരു ഭാഗം പറയുന്നത് നിങ്ങൾ വീട്ടിലിരിക്കുമ്പോഴും, വഴി നടക്കുമ്പോഴും, കിടക്കുമ്പോഴും, എഴുന്നേൽക്കുമ്പോഴും ദൈവത്തിന്റെ സന്ദേശം അറിയിച്ചു കൊണ്ടിരിക്കണം. അതു വ്യക്തമാക്കുന്നത് നാം ദൈവത്തെ മറന്ന് ഒരിക്കലും സംസാരിക്കുകയോ പെരുമാറുകയോ ചെയ്യരുത് എന്നതാണ്. ഓരോ ദിവസവും നാം സംഭാഷണം നടത്തുമ്പോൾ നമുക്കേറ്റവും സ്വതന്ത്രമായി സംസാരിക്കുവാൻ കഴിയുന്നത് നമ്മുടെ ഭവനത്തിലുള്ളവരോടും സ്നേഹിതന്മാരോടും ആയിരിക്കും. ബൈബിൾ തത്വങ്ങൾ പല ചോദ്യങ്ങളിലൂടെ, വിഷയങ്ങളിലൂടെ അവതരിപ്പിക്കുവാൻ കഴിയും.

നിങ്ങളുടെ കുടുംബാംഗങ്ങളെ ക്രിസ്ത്യാനിയായി ജീവിക്കുവാൻ പ്രേരിപ്പിക്കുമ്പോൾ അവർക്ക് ലഭിക്കുന്ന അവസരം അവർ ശരിയായി ഉപയോഗിച്ചാൽ അതിന്റെ ഫലം നിങ്ങൾക്കും അവർക്കും അനുഭവിക്കാൻ കഴിയും. ദൈവത്തിന്റെ ചട്ടങ്ങളും പ്രമാണങ്ങളും നമ്മുടെ കുടുംബജീവിതത്തിനും സാമൂഹ്യജീവിതത്തിനും ആത്മീകജീവിതത്തിനും ഒരുപോലെ സഹായകരമാണ്. ഒരാൾ എപ്പോൾ അനുസരിക്കുമെന്ന് അല്ലെങ്കിൽ അനുസരിക്കയില്ല എന്ന് നാം ചിന്തിക്കേണ്ടതില്ല.

✶

## *കർത്താവിൽ ചാരുക*

### *ഡേവിഡ് മേയ്സി*

സൗമ്യതയുള്ള മനുഷ്യൻ തന്റെ നിലയിൽ നിന്നാണ് ഉയരുകയും കർത്താവിൽ ചാരുകയും ചെയ്യുന്നത് എന്നുപറഞ്ഞാൽ അവ

നെപ്പോഴും ദൈവത്തിന് കീഴ്പ്പെട്ട് അവനിൽ ആശ്രയിച്ച് ജീവിക്കും എന്നർത്ഥം. അങ്ങനെയുള്ളവർ തങ്ങളുടെ ജീവിതം കൊണ്ട് പ്രപഞ്ചം ദുസ്സഹമാക്കുകയില്ല. ചിലരുടെ ജീവിതം വളരെ സങ്കീർണ്ണവും വേദനാജനകവുമായി തീരുന്നു. കാരണം അവരുടെ അടിസ്ഥാനം ഉറപ്പില്ലാത്തതുകൊണ്ടാണ്. അവർ ഇടപെടുന്ന കാര്യങ്ങൾ ദൈവഹിതത്തിന്ന് വിപരീതമാണ് എന്നവർ ചിന്തിക്കുന്നില്ല. അതിനാൽ അവർ ചെയ്യുന്ന പ്രവർത്തിയുടെ ഫലം പലപ്പോഴും ദുഃഖകരമാകുന്നു. നാം കർത്താവിൽ താഴുകയും അവനെ അനുസരിക്കയും ചെയ്യാതിരിക്കുമ്പോൾ നമ്മുടെ ബുദ്ധിയും വിവേകവും നഷ്ടമാകുന്നു.

കർത്താവിൽ ആശ്രയിക്കയും അവനു കീഴ്പ്പെട്ട് സൗമ്യതയോടെ ജീവിക്കുകയും ചെയ്യുന്ന വ്യക്തി മറ്റുള്ളവർക്ക് ഉപകാരിയായിരിക്കും, കാരണം അവൻ തന്റെ സ്വാർത്ഥത ഉപേക്ഷിക്കയും തന്റെ ജീവിതം തന്റേതുമാത്രമല്ല എന്ന തോന്നൽ അവനിൽ ഉണ്ടാവുകയും ചെയ്യും. മുൻപോട്ട് ഗമിക്കുവാൻ നമുക്ക് ദൈവസഹായം ആവശ്യമാണ്. അതിനു പ്രാർത്ഥനയും ദൈവവചന പരിജ്ഞാനവും ഉണ്ടാകണം. ശരിയായ ദിശാബോധം അപ്പോഴാണ് ഒരു വ്യക്തിയിൽ ഉണ്ടാകുന്നത്. ദൈവവും മനുഷ്യരും തമ്മിലുള്ള ബന്ധം ഒരു അപ്പനും മക്കളും തമ്മിലുള്ള ബന്ധമാണ്. സൃഷ്ടികർത്താവായ നമ്മുടെ ദൈവം നമുക്കുവേണ്ട ആലോചനകൾ തന്നിരിക്കുന്നു.

ഒരിക്കൽ ഒരു സ്ത്രീ ഒരു കുശവന്റെ കൈവേല ശ്രദ്ധിക്കയുണ്ടായി. അദ്ദേഹത്തിന്റെ ഒരു കാൽ തറയിൽ ഊന്നി മറ്റൊരു കാൽ കൊണ്ട് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. അതു കണ്ട് ആ സ്ത്രീ അയാളോട് സഹതാപപൂർവ്വം ചോദിച്ചു, നിങ്ങളുടെ കാൽ എത്ര മാത്രം ക്ഷീണിച്ചിരിക്കുന്നു! കുശവൻ അതിന് സ്ത്രീയോടു പറഞ്ഞു, ഇല്ല, എന്റെ കാൽ എന്നെ ക്ഷീണിപ്പിക്കയല്ല മറിച്ച്, എന്നെ നിലനിർത്തുകയാണ് ചെയ്യുന്നത്.

✱

## വാർത്തകൾ

### പിഞ്ചുകുഞ്ഞിനെ പീഡിപ്പിച്ചു കൊന്ന കേസ്: വധ ശിക്ഷ ഹൈക്കോടതി ശരിവച്ചു

രണ്ടു വയസ്സുകാരിയെ പീഡിപ്പിച്ചു കൊന്ന കേസിൽ മുട്ടത്തറ പൂന്തുറ സ്വദേശി ചെവിത്തിയാൻ എന്ന സെബാസ്റ്റ്യന് (29) തിരുവനന്തപുരം അഡീഷനൽ സെഷൻസ് കോടതി നൽകിയ വധ ശിക്ഷ ഹൈക്കോടതി ശരിവച്ചു. അതിക്രൂരവും സമൂഹ മനസ്സാക്ഷിയെ ഞെട്ടിക്കുന്നതുമായ സംഭവത്തിൽ പ്രതി മാപ്പർഹിക്കുന്നില്ലെന്നു വിലയിരുത്തിക്കൊണ്ടാണു ജസ്റ്റിസ് ജെ.ബി. കോശി, ജസ്റ്റിസ് കെ.ടി. ശങ്കരൻ എന്നിവരുൾപ്പെട്ട ഡിവിഷൻ ബെഞ്ചിന്റെ ഉത്തരവ്.

✶

### ഉത്സവക്കൊടിമരം വൈദ്യുതി ലൈനിൽ തട്ടി 15 പേർക്കു പരുക്ക്

ഉത്സവത്തിനു കൊടിമരം ഉയർത്തുന്നതിനിടെ 220 കെവി ഹൈടെൻഷൻ വൈദ്യുതി ലൈനിൽ തട്ടി ഒരു സ്ത്രീയുൾപ്പെടെ 15 പേർക്കു പരിക്കേറ്റു. പൂജാരി അദ്ഭുതകരമായി രക്ഷപ്പെട്ടു.

✶

### പോലീസുകാരൻ കുളിക്കുമ്പോൾ വീട്ടിൽ കയറി അമ്മയുടെ മാല പൊട്ടിച്ചു

ബൈക്കിലെത്തിയ യുവാക്കൾ പട്ടാപ്പകൽ പോലീസുകാരന്റെ വീട്ടിൽ കയറി മാതാവിന്റെ മൂന്നു പവന്റെ മാല പൊട്ടിച്ചു കടന്നു. ആര്യനാട് പോലീസ് സ്റ്റേഷനിലെ കോൺസ്റ്റബിളായ ചിപ്പൻചിറ ഇരുമ്പുപാലം സ്വദേശിയുടെ അമ്മയുടെ മാലയാണു പൊട്ടിച്ചെടുത്തത്. രാവിലെ 10 മണിയോടെയായിരുന്നു സംഭവം.

വീടിന്റെ മുന്നിലിരുന്ന അമ്മയോട്, 'സാർ ഉണ്ടോ' യെന്ന ചോദ്യവുമായാണു രണ്ടു യുവാക്കൾ എത്തിയത്.

✱

## 20 ലക്ഷം നൽകിയാൽ മാപ്പ്; ഷൗക്കത്തിന് പ്രത്യാശ

കുവൈത്തിൽ വധശിക്ഷയ്ക്കു വിധിക്കപ്പെട്ട് ജയിലിൽ കഴിയുന്ന കോഴിക്കോട് എലത്തൂർ സ്വദേശി ഷൗക്കത്ത് തൈക്കാശ്ശേരിക്ക് പ്രത്യാശയുടെ വഴി തുറക്കുന്നു. 20 ലക്ഷം രൂപ നഷ്ടപരിഹാരം നൽകിയാൽ ഷൗക്കത്തിനു മാപ്പു നൽകാമെന്ന്, മരിച്ച നേപ്പാളി യുവതി ജമുനാ ഥാപ്പയുടെ കുടുംബം സമ്മതിച്ചതിനെത്തുടർന്നാണിത്. മാപ്പു നൽകാനാവില്ലെന്നായിരുന്നു ഇവരുടെ ആദ്യ നിലപാട്. കേന്ദ്രപ്രവാസികാര്യ മന്ത്രി വയലാർ രവി, നേപ്പാൾ തൊഴിൽ മന്ത്രി ലേഖകരുമായി ബന്ധപ്പെട്ട് ചർച്ച നടത്തുകയും സമ്മർദം ചെലുത്തുകയും ചെയ്തതിനെത്തുടർന്നാണ് ഒത്തുതീർപ്പിനു വഴിതെളിഞ്ഞത്.

എലത്തൂർ പുരയിടത്തുകണ്ടി കോയാദ്ദീന്റെ മകനായ ഷൗക്കത്ത് കുവൈത്തിലെ ജാറാ അൽഖസറിൽ ക്ലീനറായി ജോലി നോക്കുകയായിരുന്നു.

✱

## കുവൈത്ത്: 30 വർഷമായ ജീവനക്കാരുടെ കണക്കെടുക്കുന്നു

ആരോഗ്യമന്ത്രാലയത്തിൽ 30 വർഷം സേവനം പൂർത്തിയാക്കിയവരുടെ കണക്കെടുക്കുന്നു. 40 വർഷം പൂർത്തിയാക്കിയവരുടെ കണക്കെടുപ്പിനു പുറമെയാണിത്. 30 വർഷം പൂർത്തിയാക്കിയവരുടെയും സർവീസ് അവസാനിപ്പിക്കുന്നതിനുള്ള ശ്രമത്തിന്റെ ഭാഗമായാണിതെന്നു പറയപ്പെടുന്നു.

✱

# THE LOVE OF GOD

# ദൈവസ്നേഹം

## GOSPEL MEETING

## സുവിശേഷയോഗം

at

**KOVALAM**

**ആഴാകുളം ജങ്ഷൻ, കോവളം**

**On March 19 to 21 at 6. pm**

**മാർച്ച് 19 മുതൽ 21 വരെ വൈകുന്നേരം 6 മണി**

**Speaker : Bro. Jerry Bates**
**For women : Sis. Paula Bates**

**COME & BE BLESSED ALL ARE WELCOME**

**എവർക്കും സ്വാഗതം!**

**We are always at your Service**

**CHURCH OF CHRIST**
**Kovalam**

**തിരുവനന്തപുരം**
**10-03-08**

**Phone: 0471-2303378**
**9447035465**

Watch! Sathyanadam Gospel Program
ON Every Saturday at 6.am
ON Jai Hind TV Channel
Hear: Sathyanadam on Radio Srilanka at 3.45 pm
Read: Bible Truth, Truth for Today (Malayalam)

കാണുക! സത്യനാദം സുവിശേഷ പ്രസംഗം
എല്ലാ ശനിയാഴ്ച്ചയും രാവിലെ 6 മണി
ജെയ് ഹിന്ദ് ടിവി ചാനലിൽ

കാണുക!

# സത്യനാദം

ബ്രദർ.പി.കെ
വർഗ്ഗീസ്
പ്രസംഗിക്കുന്നു

എല്ലാ ശനിയാഴ്ച്ചയും
രാവിലെ 6 മണിക്ക്
ജയ്ഹിന്ദ് ടിവിയിൽ

കാണുക!

## HEAR THE VOICE OF TRUTH ON RADIO
# SRILANKA

**Hindi** Sundays 6.45 A.M.-7.00 A.M. and Thursdays, 6.45A.M- 7.00 A.M. A.M. Speaker Sunny David, Church of Christ, B-350, Chitharanjan Park, New Delhi-110019

**Malayalam** Friday 3.45-4.00 P.M.
Speaker: P.K. Varghese, **Church of christ**
Thampuranmukku, Trivandrum-35
Sathyanadam TV Program on every Saturday at 6 a.m. in Jaihind TV.

**Tamil** Mondays, Tuesdays, Thursdays, Fridays 5.30 P.M. to 5.45 P.M.
Speaker: P.R. Swamy, Box 8405
Bangalore-560084

**Telugu** Sundays, Mondays, Wednesdays, Thursdays, 2.00 P.M-2.15 P.M. Speaker, Joshua Gootam, Box-80, Kakinada- 533001

---

Please write to these addresses for Bible correspondence course, Magazine, and other Christian literature in your language. All of these programmes are sponsored by

**CHURCHES OF CHRIST**

Edited, Printed and Published at Church of Christ
Thampuranmukku, Trivandrum- 695 035, Kerala, India

**Posted at R.M.S Tvm on 23/24 April**

Reg. No. K.Dis. 90095/86/A8. Reg. No. KL (N) 22/06-08
Licensed to post without prepayment No. Tech/62-2 TV(N) 40/2008

*Join us to worship God in Spirit and Truth*
*The*

Meets at T.C. 27/225
Thampuranmukku, Trivandrum-35
**Sunday- Worship- 10.00 am**
**Tuesday- Bible Study- 6.00 pm**

ALL ARE WELCOME

All correspondence should be sent to the Editor, The Bible Truth Church of Christ, Thampuranmukku, Trivandrum-35, Kerala, India

To

From
THE BIBLE TRUTH
Church of Christ
Thampuranmukku,
Trivandrum-35
Kerala, India.
Phone: 2303378